# ഹജ്ജ് കാര്യങ്ങൾ

★

1964

വി, അബ്ദുല്ലാഹ് (ഉമരി)

വില: 65 പൈസ

1002



I. P. H. പ്രസിദ്ധീകരണം NO. 42.

45719
KOTTAYAM PUBLIC LIBRARY KOTTAYAM

# ഹജ്ജ് കാര്യങ്ങൾ

വി. അബ്ദുല്ലാഹ്

വില 65 പ

NATIONAL BOOK S
SPCS LTD.

First Edition 1959 February Copies 1000
2nd " 1964 November " 2000

M291

*Published by*
ISLAMIC PUBLISHING HOUSE,
MARIKUNNU.

Printed at the Prabodhanam Press,
MARIKUNNU.

# ഒരു വാക്ക്

ഹജ്ജ് സംബന്ധിയായ അത്യാവശ്യവിവരങ്ങളെല്ലാം അടങ്ങിയ ഒന്നാണ് ഈ ചെറു പുസ്തകമെന്നു ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും, ഒരു ഹാജിക്കിതു ഏറെക്കുറെ ഉപകരിക്കുമെന്നുതന്നെയാണ് എൻെറ പ്രതീക്ഷ. പ്രബലമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ മാത്രമാകുന്നു ഇതിലെ പ്രതിപാദനം. ഭാഷ കഴിവതും സാധാരണമാക്കാൻ ശ്രമിച്ചിട്ടുണ്ട്. എൻെറ ഒരെളിയ സേവനമെന്ന നിലയിൽ അല്ലാഹു ഇതിനെ കണക്കിലെടുക്കുമെങ്കിൽ ഞാനത്യന്തം കൃതാർത്ഥനായി.

അബ്ദുല്ലാഹ്.

بسم الله الرحمن الرحيم

# ഹജ്ജ് കാര്യങ്ങൾ

الحمد لله الذى هدانا لهذا وما كنا لنهتدى لو لا ان هدانا الله، والصلاة والسلام على محمد رسول الله، وعلى آله واصحابه الموفين عهد الله — اما بعد

ഇസ്ലാമിൽ മൗലിക പ്രാധാന്യമുള്ള ഒരു ഇബാദത്താകുന്നു പരിശുദ്ധ ഹജ്ജ്കർമ്മം. ഇസ്ലാമിക വ്യവസ്ഥിതി കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ള അഞ്ച് നെടും തൂണുകളിൽ അഞ്ചാമത്തേത് ഹജ്ജാണ്. റസൂൽ (സ) അരുളം ചെയ്തിരിക്കുന്നു:

بُنِىَ الإِسْلَامُ عَلَى خَمْسٍ شَهَادَةِ اَنْ لَا اِلٰهَ اِلَّا اللّٰهُ وَاَنَّ مُحَمَّدًا رَسُولُ اللّٰهِ، وَاِقَامِ الصَّلَاةِ، وَاِيتَاءِ الزَّكَاةِ، وَصَوْمِ رَمَضَانَ وَحَجِّ الْبَيْتِ مَنِ اسْتَطَاعَ اِلَيْهِ سَبِيلًا

PUBLIC LIBRARY

(ഇസ്ലാം അഞ്ചു കാര്യങ്ങളിന്മേലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്: അല്ലാഹു അല്ലാതെ ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും സാക്ഷ്യം വഹിയ്ക്കുക; നമസ്കാരം നിലനിറുത്തുക; സകാത്ത് കൊടുക്കുക; റമസാനിൽ നോമ്പനുഷ്ഠിക്കുക; സുസാധ്യമായ മാർഗ്ഗമുള്ളവൻ (കഅബാ) ദേവാലയത്തിങ്കൽ പോയി ഹജ്ജ് ചെയ്യുക.)

അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു:

وَلِلّٰهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا

(സുസാധ്യ മാർഗ്ഗമുള്ളവൻ (കഅബാ) ദേവാലയത്തിങ്കൽ പോയി ഹജ്ജ് ചെയ്യുകയെന്നത് മനുഷ്യൻെറ മേൽ ബാധ്യതയും അല്ലാഹുവിനു അവകാശവുമത്രെ!)

ഉപരിസൂചിതമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ കഴിവും സാധ്യതയുമുള്ള വ്യക്തികൾ ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യൽ നിർബ്ബന്ധമാകുന്നു. ഇക്കാര്യത്തിൽ മുസ്ലിംകൾക്കിടയിൽ രണ്ടു പക്ഷമില്ല.

## യാത്രാ മുറകൾ

ഹജ്ജിന്നു യാത്ര അത്യാവശ്യമായിരിക്കയാൽ ഒരു മുസ്ലിം യാത്രാ വേളയിൽ പാലിക്കേണ്ട ഇസ്ലാമിക മുറകളെപ്പററി ആദ്യമായി രണ്ടു വാക്ക് പറഞ്ഞുകൊള്ളട്ടെ:

വിവിധ ദൈവിക ദൃഷ്ടാന്തങ്ങൾ കണ്ടു പാഠം പഠിക്കുവാനും, അനുവദനീയമായ മാർഗ്ഗേണ ഉപജീവനം സമ്പാദിക്കുവാനും വേണ്ടി യാത്ര ചെയ്യുന്നതിനെ ഇസ്ലാം വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഖുർആനിൽ അല്ലാഹു പറയുന്നു:

هُوَ الَّذِي جَعَلَ لَكُمُ الْأَرْضَ ذَلُولًا فَامْشُوا فِي مَنَاكِبِهَا
وَكُلُوا مِن رِّزْقِهِ وَإِلَيْهِ النُّشُور

(ഭൂമിയെ നിങ്ങൾക്ക് പാകപ്പെടുത്തിത്തന്നത് അവനാ (അല്ലാഹു)കുന്നു. അതുകൊണ്ട് ഭൂവിഭാഗങ്ങളിൽ സഞ്ചരിക്കുകയും അവൻെറ ആഹാരത്തിൽ നിന്നു ഭക്ഷിക്കുകയും ചെയ്യുക. അവങ്കലേക്കത്രെ പുനരുത്ഥാനം!)

നബി (സ) തിരുമേനി പറഞ്ഞതായി അബൂഹുറൈറഃ(റ)യിൽ നിന്നു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു:

مَا مِنْ خَارِجٍ يَخْرُجُ مِنْ بَيْتِهِ إِلَّا بِبَابِهِ رَايَتَانِ رَايَةٌ
بِيَدِ مَلَكٍ وَرَايَةٌ بِيَدِ شَيْطَانٍ فَإِنْ خَرَجَ لِمَا يُحِبُّ
اللهُ عَزَّ وَجَلَّ اتَّبَعَهُ الْمَلَكُ بِرَايَتِهِ فَلَمْ يَزَلْ تَحْتَ رَايَةِ
الْمَلَكِ حَتَّى يَرْجِعَ إِلَى بَيْتِهِ وَإِنْ خَرَجَ لِمَا يُسْخِطُ اللهَ اتَّبَعَهُ
الشَّيْطَانُ بِرَايَتِهِ فَلَمْ يَزَلْ تَحْتَ رَايَةِ الشَّيْطَانِ حَتَّى
يَرْجِعَ إِلَى بَيْتِهِ (رواه احمد والطبرانى)

(സ്വ ഗൃഹം വിട്ട് ആർ യാത്ര പുറപ്പെട്ടാലും അവൻെറ വാതില്ക്കൽ രണ്ടു കൊടികളില്ലാതിരിക്കയില്ല: ഒരു കൊടി മലക്കിൻെറ കയ്യിൽ; ഒരു കൊടി പിശാചിൻെറ കയ്യിലും. അല്ലാഹുവിന്ന് ഇഷ്ടകരമായ ഒരു കാര്യത്തിന്നാണ് അവൻ പുറപ്പെട്ടതെങ്കിൽ മലക്ക് തൻെറ

കൊടിയുമായി അവനെ പിന്തുടരുന്നതാണ്. അങ്ങനെ വീട്ടിലേക്ക് തിരിച്ചുവരുന്നതുവരെ മലക്കിൻെറ കൊടിക്കുറയിൻ കീഴിലായിരിക്കും അവൻ. നേരെമറിച്ച്, അല്ലാഹുവിനു അനിഷ്ടകരമായ ഒരു കാര്യത്തിന്നാണ് അവൻ പുറപ്പെട്ടതെങ്കിൽ പിശാച് തൻെറ കൊടിയുമായി അവനെ പിന്തുടരുന്നതായിരിയ്ക്കും. അങ്ങനെ സ്വഗൃഹത്തിലേക്ക് തിരിക്കുന്നതുവരെ അവൻ പിശാചിൻെറ കൊടിക്കുറയിൻകീഴിലാവുകയും ചെയ്യും!)

ഇത്രയും പറഞ്ഞതിൽനിന്നു ഒരു മുസ്ലിം യാത്ര ചെയ്യുന്നത് ചുരുങ്ങിയ പക്ഷം ഹലാലായ സംഗതിക്കായിരിയ്ക്കണമെന്നു വന്നു. ശരീഅത്തിൽ വിരോധിക്കപ്പെട്ട കച്ചവടത്തിനോ മററു നിഷിദ്ധ കാര്യങ്ങൾക്കോ യാത്ര ചെയ്യൽ ഹറാമാകുന്നു.

ഒരാൾ യാത്ര ചെയ്യാനുദ്ദേശിക്കുകയും എന്നാൽ അതിനു സ്വന്തം നിലക്ക് തീരുമാനം എടുക്കുവാൻ വിഷമമായിത്തീരുകയും ചെയ്താൽ സജ്ജനങ്ങളുമായി കൂടിയാലോചിക്കേണ്ടതാണ്. എന്നിട്ടും അന്ത്യതീരുമാനത്തിലെത്താൻ വിഷമം തോന്നുന്ന പക്ഷം 'ഇസ്തിഖാറത്തി'(استخارة)ൻെറ പേരിൽ രണ്ട് റക്അത്ത് നിസ്കരിക്കുകയും നല്ലതിലേക്ക് വഴി തെളീക്കാനായി അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്യണം. ഇത് നബിചര്യയിൽ പെട്ടതാകുന്നു. ഒരു പ്രാവശ്യത്തെ നിസ്കാരവും പ്രാർത്ഥനയും കൊണ്ട് വ്യക്തമായ ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും വീണ്ടും അതാവർത്തിച്ചുകൊണ്ടിരിക്കണം. യാത്രയെ സംബന്ധിച്ച് മാത്രമല്ല, വിഷമകരങ്ങളായ എല്ലാ കാര്യങ്ങളെസ്സംബന്ധിച്ചും 'ഇസ്തിഖാറത്ത്' നല്ലതാകുന്നു. നല്ലതിനെ ആരായുകയെന്നാണ് ഇസ്തിഖാറത്തിൻെറ അർത്ഥം.

വ്യാഴാഴ്ച ദിവസമാണ് യാത്രാരംഭത്തിന്ന് കൂടുതല്‍ ഉത്തമം. നബി (സ) അങ്ങിനെയാണ് ചെയ്തിരുന്നത്. യാത്ര തുടങ്ങുന്നതിന്നുമുമ്പായി രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കുന്നത് നല്ലതാണ്. അങ്ങനെ തബ്റാനി നിവേദനം ചെയ്ത ഒരു ഹദീസില്‍ കാണുന്നുണ്ട്.

ഒററക്കോ രണ്ടാള്‍ കൂടിയോ യാത്ര ചെയ്യുന്നതിലും കൂടുതല്‍ ഉത്തമം മൂന്നോ, അതിലധികമോ ആളുകള്‍ ചേര്‍ന്നു ഒരു സംഘമായി യാത്ര ചെയ്യുന്നതാണ്. അങ്ങനെ ചെയ്യുമ്പോള്‍ തങ്ങളില്‍ നിന്നു യോഗ്യനായ ഒരാളെ 'അമീറാ'(നേതാവ്)യി. തിരഞ്ഞെടുക്കുകയും അദ്ദേഹത്തിന്‍െറ ന്യായമായ നിര്‍ദ്ദേശങ്ങളും നിയന്ത്രണങ്ങളും സ്വീകരിക്കുകയും വേണം. ഈ അമീറിന്നു 'അമീറുല്‍ ഖാഫിലഃ' (യാത്രാ നായകന്‍) എന്നു പറയുന്നു. മൂന്നോ അധികമോ ആളുകള്‍ ചേര്‍ന്നു യാത്ര ചെയ്യുന്നതില്‍ ധനപരവും ശാരീരികവുമായ സുരക്ഷിതത്വമുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നബി (സ) തിരുമേനി ഇങ്ങനെ അരുള്‍ ചെയ്തിരിക്കുന്നു:

اَلرَّاكِبُ شَيْطَانٌ وَالرَّاكِبَانِ شَيْطَانَانِ وَالثَّلَاثَةُ رَكْبٌ

(ഏകനായി യാത്ര ചെയ്യുന്നവന്‍ പിശാചാണ്. രണ്ടാള്‍ ചേര്‍ന്നു യാത്ര ചെയ്യുന്നവരും പിശാചുക്കള്‍ തന്നെ. മൂന്നാളുകള്‍ കൂടിയതാണ് യാത്രാ സംഘം )

## വിടവാങ്ങലും യാത്രയയപ്പും

യാത്ര പുറപ്പെടുമ്പോള്‍ ബന്ധുമിത്രാദികളോടു വിടവാങ്ങലും അവര്‍ അവനെ യാത്രയയക്കലും സുന്നത്താണ്. നബി(സ) തിരുമേനി ആജ്ഞാപിച്ചിരിക്കുന്നു:

إِذَا أَرَادَ أَحَدُكُمْ سَفَرًا فَلْيُوَدِّعْ إِخْوَانَهُ

(നിങ്ങളിലൊരുത്തൻ യാത്രയ്ക്കുദ്ദേശിച്ചാൽ തൻെറ സുഹൃത്തുക്കളോടു് വിടവാങ്ങട്ടെ!) തദവസരത്തിൽ യാത്ര അയക്കുന്നവർ ഇങ്ങനെ പറയേണ്ടതുമാണ്:

أَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ

(നിൻെറ ദീൻ, നിൻെറ വിശ്വസ്തത, നിൻെറ കർമ്മ പരിണാമങ്ങൾ—ഇവയെല്ലാം ഞാൻ അല്ലാഹുവിങ്കൽ ഏല്പിച്ചുകൊള്ളുന്നു.)

ഇതിലേക്കു് തെളിവ് ഇബ്നു ഉമറിൽനിന്നും സാലിം ഉദ്ധരിച്ച ഹദീസാകുന്നു. ഇബ്നു ഉമർ യാത്ര ചോദിക്കുന്നവനോടു് ഇങ്ങനെ പറഞ്ഞിരുന്നു:

أُدْنُ مِنِّي أُوَدِّعْكَ كَمَا كَانَ رَسُولُ اللهِ صلى الله عليه وسلم يُوَدِّعُنَا فَيَقُولُ: أَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ

(ഇങ്ങോട്ടു് അടുത്തു വരൂ. നബി (സ) ഞങ്ങളെ യാത്ര അയച്ചിരുന്നതുപോലെ ഞാൻ നിന്നെ യാത്ര അയക്കാം: എന്നിട്ടു അദ്ദേഹം മേൽചേർത്ത വാചകം പറയും)

ഒരിക്കൽ നബി(സ)യോടു് ഉമർ, 'ഉംറ'ക്കു് സമ്മതം ചോദിച്ചപ്പോൾ അവിടുന്നു ഇങ്ങനെ പറയുകയുണ്ടായി:

## لا تنسنا من دعائك يا اخى!

(സഹോദരാ! താങ്കളുടെ പ്രാർത്ഥനയിൽ ഞങ്ങളെ മറക്കരുത്!) യാത്രയുടെ തുടക്കത്തിൽ തിരുമേനി പ്രാർത്ഥിച്ചതായി പല ദുആകളും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് താഴെ ചേർക്കുന്നു:

(١) بسم الله توكلت على الله ولا حول ولا قوة الا بالله، اللهم انى اعوذ بك ان اضل او اضل، او ازل او ازل، او اظلم او اظلم، او اجهل او يجهل على

(അല്ലാഹുവിന്റെ നാമത്തിൽ! അല്ലാഹുവിൽ ഞാൻ സർവ്വസ്വവും അർപ്പിക്കുന്നു. അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയും ഇല്ല. വഴിപിഴക്കുകയോ വഴിപിഴപ്പിക്കപ്പെടുകയോ, വ്യതിചലിയ്ക്കുകയോ വ്യതിചലിപ്പിയ്ക്കപ്പെടുകയോ, മർദ്ദകനാവുകയോ മർദ്ദിതനാവുകയോ, അവിവേകിയാവുകയോ അവിവേകത്തിനു പാത്രമാവുകയോ ചെയ്യുന്നതിൽനിന്നും, അല്ലാഹുവേ, നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു!)

(٢) اللهم انت الصاحب فى السفر، والخليفة فى الاهل، اللهم انى اعوذ بك من الضبنة فى السفر، والكابة فى المنقلب، اللهم اطو لنا الارض وهون علينا السفر

(അല്ലാഹുവേ! യാത്രയിൽ കൂട്ടുകാരനും വീട്ടുകാരിൽ പ്രതിനിധിയും നീയാണ്! അല്ലാഹുവേ! കൊള്ളരുതാത്ത സഹയാത്രികന്മാരിൽനിന്നും താവളത്തിലെ ദുരിതത്തിൽനിന്നും നിങ്കൽ ഞാൻ അഭയം പ്രാപിക്കുന്നു! അല്ലാഹുവേ! ഞങ്ങൾക്ക് ഭൂമിയെ ചുരുട്ടി അടുപ്പിച്ചുതരികയും യാത്ര എളുപ്പമാക്കിത്തരികയും വേണമേ!)

വാഹനമേറുമ്പോൾ 'ബിസ്മില്ലാഹി'യും 'അൽഹംദുലില്ലാഹി'യും ചൊല്ലി ഇങ്ങനെ പറയുന്നത് സുന്നത്താണ്:

سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ!

(നാം ഇതിനോട് ബന്ധപ്പെടാതിരുന്നപ്പോൾ ഇതിനെ നമുക്ക് സ്വാധീനിപ്പിച്ചുതന്നവൻ എത്രയോ പരിശുദ്ധൻ! നിശ്ചയമായും നാം നമ്മുടെ നാഥങ്കലേക്ക് മടങ്ങിച്ചെല്ലുന്നവരാകുന്നു.)

ഇതിനുപുറമെ യാത്രയുടെ വിവിധ ഘട്ടങ്ങളിൽ നബി (സ) പ്രാർത്ഥിച്ചതായി ഉദ്ധരിക്കപ്പെട്ട പ്രാർത്ഥനകൾ വേറെയുമുണ്ട്. അവ ഇവിടെ ഉദ്ധരിക്കുന്നില്ല.

അത്യന്തം ക്ലേശകരവും വിഷമകരവുമായ ഒന്നാണ് യാത്ര. യാത്രയിൽ സൈ്വര്യവും സ്വാതന്ത്ര്യവും തുലോം കുറവായിരിക്കും. ദിനചര്യകളിൽ കൃത്യതയോ ശരിക്കു ഊണും ഉറക്കവുമോ ഇല്ലാതെ വന്നേക്കും. അങ്ങനെ പലതരം അസുഖങ്ങൾക്കും കഷ്ടപ്പാടുകൾക്കും യാത്രക്കാരൻ വിധേയനാകേണ്ടി വരും. ഇതെല്ലാം മുൻകൂട്ടി അറിഞ്ഞുകൊണ്ടും സാധ്യമായ മുൻകരുതലുകൾ എടുത്തു

KOTTAYAM PUBLIC LIBRARY KOTTAYAM

കൊണ്ടും വേണം യാത്ര ചെയ്യുവാൻ. നബി (സ) തിരുമേനി യാത്രയെസ്സംബന്ധിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

السَّفَرُ قِطْعَةٌ مِنَ الْعَذَابِ

(യാത്ര ശിക്ഷയിൽ നിന്നുള്ള ഒരു ഭാഗമാണ്.)

യാത്രക്കാർ, വിശേഷിച്ചും കൂട്ടയാത്രക്കാർ പൊതുവെ അനുഷ്ഠിക്കേണ്ടുന്ന പല മുറകളുമുണ്ട്. അതുപ്രകാരം, യാത്രാ വേളയിൽ പ്രത്യേകം സൂക്ഷിച്ച് വെടിയേണ്ട ചില ദുർഗ്ഗുണങ്ങളുമുണ്ട്. അവയെപ്പററി ഇവിടെ കൂടുതൽ വിസ്തരിക്കുന്നില്ല. മൊത്തത്തിൽ പറഞ്ഞാൽ ക്ഷമാശീലം, സഹിഷ്ണുത, വിട്ടുവീഴ്ചാമനസ്ഥിതി, അച്ചടക്കം, കൃത്യപാലനം, സഹഭാവം, സത്യസന്ധത, സഹോദരത്വം, പരസ്പരസഹായം, വിനയം തുടങ്ങിയ സദ്ഗുണങ്ങൾ യാത്രക്കാരെസ്സംബന്ധിച്ചിടത്തോളം അവശ്യം ആവശ്യമാകുന്നു. അന്യരുടെ ഗുണത്തെ ഓർത്ത് സ്വന്തം സുഖസൗകര്യങ്ങൾ ത്യജിക്കാനും വിഷമതകൾ സഹിക്കാനും യാത്രക്കാരൻ സന്നദ്ധനായിരിക്കണം. ഹജ്ജ്യാത്രക്കാവുമ്പോൾ ഇത്തരം സദ്ഗുണങ്ങൾ ഓരോരുത്തനിലും പ്രത്യേകം പ്രകടമായിക്കാണണം. അല്ലാത്ത പക്ഷം ആ തീർത്ഥയാത്രയുടെ സൽഫലങ്ങൾ വിനഷ്ടമായിത്തീരാൻ കാരണമായേക്കും. സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹുവോടുള്ള അതിരററ കൂറിനാലും ഭക്തിയാലും പ്രചോദിതനായിട്ടാണല്ലോ ഒരാൾ ഹജ്ജിനു പുറപ്പെടുന്നത്. ആ വികാരങ്ങളെ ഹനിക്കുന്ന തരത്തിലുള്ള യാതൊരു പൈശാചിക

ഛേഷ്ടക്കം വിധേയനാവാതെ സൂക്ഷിക്കേണ്ടത് ഹജ്ജു യാത്രക്കാരുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു.

## ഹജ്ജിൻെറ മഹത്വം

ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നാണ് ഹജ്ജു കർമ്മമെന്നു തുടക്കത്തിൽ പ്രസ്താവിച്ചുവല്ലോ. ഹജ്ജ് ഒരു മുസ്ലിമിനെ അല്ലാഹുവിങ്കലേക്ക് കൂടുതൽ അടുപ്പിക്കുന്നു; ലോക മുസ്ലിംകളെ പരസ്പരം ബന്ധപ്പെടുത്തുന്നു. ലോകത്തിൻെറ മുക്കുമൂലകളിൽ കഴിഞ്ഞുകൂടുന്ന സത്യ വിശ്വാസികളുടെ പ്രതിനിധികഠം ഒരിടത്ത് സമ്മേളിച്ച് പരസ്പരം അഭിപ്രായവിനിമയത്തിനും വികാര വിചാരങ്ങളെ അന്യോന്യം പകൎത്തുന്നതിനും അത് അവസരമുണ്ടാക്കിക്കൊടുക്കുന്നു. വാസ്തവത്തിൽ അല്ലാഹുവിലും റസൂലിലും വിശുദ്ധ ഖുർആനിലും പരലോക ജീവിതത്തിലും വിശ്വസിക്കുന്ന മുസ്ലിംകളെ ഏകോപിപ്പിക്കുകയും ശത്രുക്കഠംക്കെതിരെ ഒററക്കെട്ടായി നിൎത്തുകയും ചെയ്യുന്ന ഒരു മഹത്തായ ശക്തിയാകുന്നു പരിശുദ്ധ ഹജ്ജ്. അങ്ങേയററത്തെ മഹാ ചക്രവൎത്തിമാരും ഇങ്ങേയററത്തെ പാവങ്ങളും ഒരേ തരത്തിലുള്ള വസ്ത്രങ്ങളണിഞ്ഞു തോളോടുതോളുരുമ്മി തങ്ങളുടെ സ്രഷ്ടാവിൻെറ മുമ്പിൽ ഭക്തിയോടും വിനയത്തോടും പരിശുദ്ധതയോടും കൂടി നില്ക്കുന്ന ആ കാഴ്ച ഏക ദൈവത്തിൻെറ സൎവ്വാധിപത്യത്തെ വിളിച്ചോതുന്നുണ്ട്. മരണാനന്തരം ഇത്തരമൊരു നില്പ് തങ്ങഠംക്കുണ്ടെന്ന വസ്തുതയെ അനുസ്മരിപ്പിക്കുന്നുമുണ്ട്. എന്നാൽ ഇന്നത്തെ ചില ഹാജിമാരിൽ ഇത്തരം ഉൽകൃഷ്ട വികാരങ്ങഠം ഉജ്ജീവിക്കുന്നില്ലെങ്കിൽ അതിൻെറ കാരണം മറെറാന്നാണ്. ഇതിൽ അജ്ഞതയ്ക്ക് വലിയൊരു പങ്കുണ്ട്.

അതിനാൽ ഹജ്ജിന്നുദ്ദേശിക്കുന്നവർ അതിൻെറ യാഥാർത്ഥ്യത്തെപ്പററി ശരിയ്ക്കും പഠിച്ചിരിക്കേണ്ടത് വളരെ ആവശ്യമാകുന്നു.

ഹജ്ജിന്നു നേതൃത്വം വഹിക്കുന്ന നേതാവ് ഹാജിമാർക്ക് വേണ്ട നിർദ്ദേശങ്ങൾ അപ്പപ്പോൾ നല്കിക്കൊണ്ടിരിക്കണം. ഹജ്ജിൻെറ മഹത്വങ്ങളും അതിൻെറ പിന്നിലുള്ള ഹസ്രത്ത് ഇബ്രാഹീം നബി(അ)യുടെ ത്യാഗ ചരിത്രങ്ങളും അവരെ പഠിപ്പിക്കണം. ഇതിനെപ്പററി പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും വന്ന ഉപദേശ നിർദ്ദേശങ്ങൾ അവർക്ക് നല്കിക്കൊണ്ടിരിക്കണം. അവയിൽ ചിലത് ഉദാഹരണത്തിന്നായി ഇവിടെ പകർത്തുന്നു.

ഹജ്ജിൻെറ മഹത്വത്തെപ്പററി ഖുർആൻ പറയുകയാണ്:

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى
لِلْعَالَمِينَ، فِيهِ آيَاتٌ بَيِّنَاتٌ مَقَامُ إِبْرَاهِيمَ، وَمَنْ
دَخَلَهُ كَانَ آمِنًا، وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ
إِلَيْهِ سَبِيلًا، وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ

(ലോകത്തിനു അനുഗ്രഹീതവും മാർഗ്ഗദർശകവുമായി 'ബക്കാ' നഗരത്തിൽ (മക്കഃ) സ്ഥിതി ചെയ്യുന്ന ആ ദേവാലയമാണ് അഖില ജനങ്ങൾക്കും വേണ്ടി നിർമ്മിയ്ക്കപ്പെട്ട പ്രഥമ മന്ദിരം: അതിൽ പ്രത്യക്ഷമായ പല

ദിവ്യാടയാളങ്ങളുമുണ്ട്. അഥവാ ഇബ്രാഹീമിൻെറ സ്ഥാനമുണ്ട്. ഒരാറ്റം അതിൽ കടന്നാൽ നിർഭയനായി. സുസാധ്യമായ മാർഗ്ഗമുള്ള ആളുകൾ ആ ദേവാലയത്തിങ്കൽ ചെന്നു ഹജ്ജുകർമ്മം നിർവ്വഹിക്കുകയെന്നത് അല്ലാഹുവിനു വേണ്ടി മനുഷ്യൻെറ കടമയാകുന്നു. വല്ലവനും അത് നിരസിക്കുന്ന പക്ഷം അല്ലാഹു(വിനു ഒന്നും വരാൻപോകുന്നില്ല. കാരണം അവൻ) ലോകത്തിൽ നിന്നും നിരാശ്രയനത്രെ!)

عَنْ اَبِي هُرَيْرَةَ رضى الله عنه قَالَ قَالَ رَسُولُ الله صلى الله عليه وسلم مَنْ حَجَّ فَلَمْ يَرْفُثْ وَلَمْ يَفْسُقْ رَجَعَ كَيَوْمِ وَلَدَتْهُ اُمُّهُ (متفق عليه)

(ആഭാസത്വമോ (സ്ത്രീഭോഗം) ധിക്കാരമോ പ്രവത്തിക്കാതെ ഒരുത്തൻ ഹജ്ജ് ചെയ്താൽ അവനെ തൻെറ മാതാവ് പ്രസവിച്ച ദിവസത്തെമാതിരി (പാപരഹിനായി) അവൻ മടങ്ങും.)

عَنْ اِبْنِ مَسْعُودٍ رضى الله عنه اَنَّ رَسُولَ الله صلى الله عليه وسلم قَالَ تَابِعُوا بَيْنَ الْحَجِّ وَالْعُمْرَةِ فَاِنَّهُمَا يَنْفِيَانِ الْفَقْرَ وَالذُّنُوبَ كَمَا يَنْفِى الْكِيرُ خَبَثَ الْحَدِيدِ وَالذَّهَبِ وَالْفِضَّةِ وَلَيْسَ لِلْحَجَّةِ الْمَبْرُورَةِ ثَوَابٌ اِلَّا الْجَنَّةُ

(رواه النسائى والترمذى)

(ഹജ്ജും ഉംറയും തുടർത്തി ചെയ്യുക. അവ ദാരിദ്ര്യത്തെയും പാപങ്ങളെയും നശിപ്പിക്കുന്നു; തീച്ചൂള ഇരുമ്പിൻെറയും സ്വർണ്ണത്തിൻെറയും വെള്ളിയുടെയും കീടത്തെ കളയുന്നതു പോലെ. സ്വീകാരയോഗ്യമായ ഹജ്ജിന്നുള്ള പ്രതിഫലം സ്വർഗ്ഗമല്ലാതെ മറെറാന്നുമല്ല!)

## ആക്കെല്ലാം ഹജ്ജ് നിർബ്ബന്ധമാവും?

ഇസ്ലാം, പ്രായപൂർത്തി, സുബോധം, അടിമരാഹിത്യം, ധനപരവും ശാരീരികവുമായ കഴിവ്, നിർഭയതപത്തോടുകൂടിയുള്ള യാത്രാസൗകര്യം — ഇങ്ങനെ അഞ്ചുപാധികൾ ഒത്തുചേർന്നാൽ ഹജ്ജ് നിർബ്ബന്ധമായിത്തീരുന്നതാണ്. പ്രസ്തുത അഞ്ചുപാധികൾ പൂർത്തിയായാൽ പുരുഷന്മാർക്കെന്നപോലെ സ്ത്രീകൾക്കും ഹജ്ജ് നിർബ്ബന്ധമാകും. സ്ത്രീകളാവുമ്പോൾ സ്വന്തം ഭർത്താവോ വിവാഹബന്ധം പാടില്ലാത്ത അടുത്ത ബന്ധുക്കളിൽ ആരെങ്കിലുമോ ഒന്നിച്ചുണ്ടായിരിക്കണം. അങ്ങനെയുള്ള ഒരു പുരുഷൻ ഒന്നിച്ചില്ലാതിരിക്കുന്ന പെണ്ണിന്നു ഹജ്ജ് നിർബ്ബന്ധമുണ്ടോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. ശാഫിഈമദ്ഹബിലെ പ്രബലമായ അഭിപ്രായം കുഴപ്പമൊന്നും സംഭവിക്കില്ലെന്നുറപ്പുണ്ടെങ്കിൽ അത്തരം സ്ത്രീകൾക്കും ഹജ്ജിന്നു പോവാമെന്നാകുന്നു.

## മറെറാരാൾക്കു വേണ്ടി ഹജ്ജ് ചെയ്യൽ

ഒരാളുടെ പേരിൽ ഹജ്ജ് നിർബ്ബന്ധമാവുന്ന എല്ലാ ഉപാധികളും പൂർത്തിയായി. എന്നാൽ ആ കൃത്യം നിർവ്വഹിക്കുന്നതിന്നു മുമ്പ് അയാൾ മരണപ്പെട്ടു. അല്ലെങ്കിൽ രോഗമോ അതിർ കവിഞ്ഞ വാർദ്ധക്യമോ

കാരണമായി അയാഠം അശക്തനായിത്തീന്നു. എന്നാൽ അയാഠംക്കു വേണ്ടി വേറൊരാളെക്കൊണ്ട് ഹജ്ജ് ചെയ്യിക്കൽ നിബ്ബന്ധമാണ്. മരണപ്പെട്ടവന്നു വേണ്ടി അയാളുടെ ധനത്തിൽ നിന്നു ചിലവഴിച്ച് ഹജ്ജു ചെയ്യിക്കേണ്ടത് അനന്തരാവകാശികളാകുന്നു. രോഗിക്കും വൃദ്ധന്നും വേണ്ടി അവർ തന്നെ ഹജ്ജ് ചെയ്യേണ്ടതുമാണ്. മററൊരാഠംക്കുവേണ്ടി ഹജ്ജ് ചെയ്യുന്നവൻ തൻേറതായ ഹജ്ജ് മുമ്പ് നിവ്വഹിച്ചവനായിരിക്കേണ്ടതുണ്ട്. സ്വന്തത്തിന്നു ഹജ്ജു ചെയ്യാത്തവന്നു മററൊരാഠംക്ക് പകരമായി ഹജ്ജ് ചെയ്യുവാൻ പാടില്ല. താഴെ കാണിക്കുന്ന ഹദീസുകളാണ് ഇപ്പറഞ്ഞതിന്നു തെളിവുകഠം:

عَنِ ابْنِ عَبَّاسٍ رَضِىَ اللّٰهُ عَنْهُ اَنَّ امْرَاَةً مِنْ جُهَيْنَةَ جَاءَتْ اِلٰى رَسُولِ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ فَقَالَتْ اِنَّ اُمِّى نَذَرَتْ اَنْ تَحُجَّ حَتّٰى مَاتَتْ اَفَاَحُجُّ عَنْهَا قَالَ: نَعَمْ، حُجِّى عَنْهَا اَرَأَيْتِ لَوْ كَانَ عَلٰى اُمِّكِ دَيْنٌ لَكُنْتِ قَاضِيَتَهُ، اِقْضُوا اللّٰهَ فَاللّٰهُ اَحَقُّ بِالْوَفَاءِ (رواه البخارى)

(ജുഹൈനത്ത് കുടുംബത്തിൽപെട്ട ഒരു സ്ത്രീ റസൂൽ തിരുമേനിയുടെ സമക്ഷത്തിങ്കൽ വന്നു ചോദിച്ചു: 'എൻെറ മാതാവ് ഹജ്ജ് നേർച്ചയാക്കി. അങ്ങിനെ അവർ മരിച്ചുപോയി. അവക്കു പകരം ഞാൻ ഹജ്ജു ചെയ്യണമോ?' എന്നു്. 'അതെ, അവക്കു പകരം നീ

ഹജ്ജു ചെയ്യണം.' തിരുമേനി പറഞ്ഞു. 'നിൻെറ മാതാവിന്നു ഒരു കടമുണ്ടെന്നു വിചാരിയ്ക്കുക. നീയത് വീട്ടേണ്ടതില്ലേ? അല്ലാഹുവിൻെറ കടം വീട്ടുവിൻ. അല്ലാഹുവാണ് കടം വീട്ടുവാൻ കൂടുതൽ അവകാശപ്പെട്ടവൻ.)

عن فضل ابن عباس رضى الله عنه ان امراة من خثعم قالت
يا رسول الله ان فريضة الله على عباده فى الحج ادركت
ابى شيخا كبيرا لا يستطيع ان يثبت على الراحلة افاحج
عنه قال نعم وذلك فى حجة الوداع (رواه البخارى ومسلم)

(ഒരു ഖത്അം ഗോത്രക്കാരി നബിയോട് ചോദിച്ചു: 'അല്ലാഹുവിൻെറ റസൂലെ! അല്ലാഹു തൻെറ അടിമകളുടെ മേൽ നിർബ്ബന്ധമാക്കിയ ഹജ്ജ് കർത്തവ്യം എൻെറ പിതാവിനെ പിടികൂടിയത് അദ്ദേഹം ഒരു മഹാ വൃദ്ധനും വാഹനത്തിന്മേൽ സ്ഥിരമായിരുന്നു യാത്ര ചെയ്യാൻ സാധിക്കാത്തവനുമായിരിക്കുന്ന അവസരത്തിലാണ്; അദ്ദേഹത്തിന്നു പകരമായി ഞാൻ ഹജ്ജ് ചെയ്യേണ്ടതുണ്ടോ?' 'അതെ' എന്നായിരുന്നു അവിടുന്നു പറഞ്ഞത്. ഈ സംഭവം ഹജ്ജത്തുൽ വദാഇലാണുണ്ടായത്.)

عن ابن عباس رضى الله عنه ان رسول الله صلى الله عليه وسلم
سمع رجلا يقول لبيك عن شبرمة فقال احججت عن

نَفْسِكَ؟ قَالَ لَا قَالَ فَحُجَّ عَنْ نَفْسِكَ ثُمَّ حُجَّ عَنْ شُبْرُمَةَ

( رواه ابو داود )

(ഒരുത്തൻ ശുബ്റുമത്തിന്നു വേണ്ടി 'ലബ്ബൈക്ക' പറയുന്നതായി നബി (സ) കേൾക്കുകയുണ്ടായി. അപ്പോൾ തിരുമേനി ചോദിച്ചു: 'നിനക്കു വേണ്ടി നീ ഹജ്ജ് ചെയ്തിട്ടുണ്ടോ?' ഇല്ലെന്നു അയാൾ മറുപടി പറഞ്ഞു. 'എന്നാൽ നിനക്ക് സ്വന്തമായി ആദ്യം ഹജ്ജ് ചെയ്യുക. പിന്നീടാവാം ശുബ്റുമത്തിന്നു വേണ്ടിയുള്ള ഹജ്ജ്'—തിരുമേനി പറഞ്ഞു.)

## ഇഹ്റാമിൻെറ രൂപങ്ങൾ

ഹജ്ജിൽ പ്രവേശിക്കുമ്പോൾ ഒന്നാമത്തെ നിർബ്ബന്ധ കൃത്യം ഇഹ്റാമാണ്. ഇതിന്നു മൂന്നു രൂപങ്ങളുണ്ട്. ഒന്നു, ഹജ്ജിൻെറ മാസങ്ങളിൽ (അതായത്, ശവ്വാൽ മുതൽ ദുൽഹജ്ജ് ഒമ്പതു വരെയുള്ള കാലം) ആദ്യമായി ഉംറഃ ചെയ്തിട്ട് പിന്നെ ഹജ്ജിന്നായി ഇഹ്റാം ചെയ്യുക. ഈ രൂപത്തിന്നു 'തമത്തുഅ്' (تمتع) എന്നു പറയുന്നു.

രണ്ടു, ഹജ്ജിന്നും ഉംറാക്കും ഒന്നിച്ചും, അല്ലെങ്കിൽ ആദ്യം ഉംറഃ ചെയ്തിട്ട് അതിൽ നിന്നു വിരമിക്കുന്നതിന്നു മുമ്പായി ഹജ്ജിന്നും ഇഹ്റാം ചെയ്യുക. ഈ രൂപത്തിന്നു 'ഖിറാൻ' (قران) എന്നു പറയുന്നു. *

---

* തമത്തുഇൻ്റെയും ഖിറാൻ്റെയും രൂപങ്ങളിൽ ബലികർമ്മം (دم) നടത്തൽ നിർബ്ബന്ധമാകുന്നു. അതായത് ഒരു മൃഗത്തെ അറുത്ത് ബലി ചെയ്യുക. ഇതിന്നു സാധ്യമാവാത്ത പക്ഷം ഹജ്ജ് കാലത്ത് മൂന്നും സ്വദേശത്ത് തിരിച്ചെത്തിയാൽ ഏഴും അങ്ങനെ പത്തു നോമ്പ് നോല്ക്കേണ്ടതാണ്.

മൂന്നു, ആദ്യം ഉംറഃ ചെയ്യാതെ ഹജ്ജിന്നു മാത്രം ഇഹ്റാം ചെയ്യുക. ഇതിന്നു 'ഇഫ്റാദ്' (إفراد) എന്നു പറയുന്നു.

ഈ മൂന്നു രൂപവും അനുവദനീയമാണെങ്കിലും ഓരോ രൂപത്തിന്നുമുള്ള 'നിയ്യത്ത്' (കരുത്ത്) വ്യത്യസ്തമാകുന്നു. അപ്രകാരം തന്നെ നിയ്യത്തോടുകൂടിയുള്ള 'തൽബിയത്തി'ലും വ്യത്യാസമുണ്ട്. ഉംറഃ മാത്രമാണ് ആദ്യം ചെയ്യുന്നതെങ്കിൽ لبيك بعمرة എന്നാണ് പറയേണ്ടത്. രണ്ടിനും ഒന്നിച്ച് ഇഹ്റാം ചെയ്യുമ്പോൾ لبيك بحج وعمرة എന്നു പറയണം. ഇനി ഹജ്ജിന്നു മാത്രമാണ് ഇഹ്റാം ചെയ്യുന്നതെങ്കിൽ لبيك بحج എന്നും പറയണം.

ഹജ്ജിനെയും ഉംറഃയെയും ഉദ്ദേശിച്ച് മക്കയിലേക്ക് പോവുന്ന ഓരോ പ്രദേശക്കാർക്കും ഇഹ്റാമിന്നു പ്രത്യേകം സ്ഥലങ്ങൾ നിജപ്പെടുത്തപ്പെട്ടിട്ടുണ്ട്. അവയ്ക്കു 'മീഖാത്ത്' (ميقات) എന്നു പറയുന്നു. മീഖാത്തിൽ കൂടി യാത്ര ചെയ്യാത്തവർ അതിന്റെ നേർക്കെത്തുമ്പോൾ ഇഹ്റാം ചെയ്യണം. ഇന്ത്യക്കാരുടെ നിശ്ചിത 'മീഖാത്ത്' 'യലംലം' എന്ന സ്ഥലമാകുന്നു. ഇന്ത്യക്കാർ പ്രസ്തുത സ്ഥലത്തിന്റെ നേരെ എത്തുമ്പോൾ കടലിൽ വെച്ച് ഇഹ്റാം ചെയ്യുന്നു. ഹജ്ജ് കപ്പലുകൾ മീഖാത്തിന്റെ നേരെ എത്തുന്ന അവസരത്തിൽ അധികൃതന്മാർ ആ സംഗതി ഹാജിമാരെ അറിയിക്കൽ പതിവാകുന്നു.

## ഇഹ്റാമിൻെറ മുറകൾ:

ഹജ്ജിനാകട്ടെ, ഉംറഃക്കാകട്ടെ ഇഹ്റാം ചെയ്യുന്ന ഓരോരുത്തനും താഴെകാണിക്കുന്ന മുറകൾ പാലിക്കേണ്ടതാണ്.

1 നഖം മുറിക്കുക, മീശ കത്രിക്കുക, കക്ഷരോമങ്ങളേയും ഗുഹ്യരോമങ്ങളേയും നീക്കി വൃത്തിയാക്കുക, വുദു ചെയ്യുക, അല്ലെങ്കിൽ കുളിക്കുക, താടിയും മുടിയും വാർന്നൊതുക്കിവെക്കുക എന്നീ ശുചീകരണങ്ങളാവശ്യമാണ്:

قَالَ ابْنُ عُمَرَ رَضِيَ اللهُ عَنْهُ مِنَ السُّنَّةِ اَنْ يَغْتَسِلَ اِذَا اَرَادَ الْاِحْرَامَ
وَاِذَا اَرَادَ دُخُولَ مَكَّةَ - رواه البزار

(ഇഹ്റാമിനെ ഉദ്ദേശിക്കുമ്പോഴും മക്കയിൽ പ്രവേശിക്കാനുദ്ദേശിക്കുമ്പോഴും കുളിക്കൽ സുന്നത്തിൽപെട്ടതാണെന്നു ഇബ്നുഉമർ പറഞ്ഞിരിക്കുന്നു.)

2 സാധാരണ ഉടുപ്പുകൾ മാററി ഒരു അരയുടുപ്പു ധരിക്കുകയും ഒരു തട്ടം പുതക്കുകയും ചെയ്യുക. തല മൂടാതിരിക്കണം. വെള്ളവസ്ത്രമാണ് കൂടുതലുത്തമം.

قَالَ ابْنُ عَبَّاسٍ اِنْطَلَقَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مِنَ الْمَدِينَةِ
بَعْدَ مَا تَرَجَّلَ وَادَّهَنَ وَلَبِسَ اِزَارَهُ وَرِدَاءَهُ هُوَ وَاَصْحَابُهُ
- رواه البخارى

നബി (സ)യും സഹാബിമാരും എണ്ണയിട്ടു് മുടി ചീകി മിനുക്കി അരയുടുപ്പും തട്ടവും ധരിച്ചതിനുശേഷമാണു് മദീനായിൽനിന്നു പുറപ്പെട്ടതു് എന്നു ഇബ്നുഅബ്ബാസു് പ്രസ്താവിച്ചിട്ടുണ്ടു്.)

3. ശരീരത്തിലും വസ്ത്രത്തിലും സുഗന്ധദ്രവ്യങ്ങൾ പൂശുക. ഇതിൻെറ അവശിഷ്ടം ഇഹ്റാമിനു ശേഷം അവശേഷിക്കുന്നതിനു തരക്കേടില്ല.

عن عائشة رضي الله عنها كأني أنظر إلى وبيص الطيب في مفرق

رسول الله صلى الله عليه وسلم وهو محرم - رواه البخاري

(നബി (സ) ഇഹ്റാം ചെയ്തിരുന്നപ്പോൾ അവിടുത്തെ മൂൎദ്ധാവിലുള്ള സുഗന്ധദ്രവ്യത്തിൻെറ തിളക്കത്തെ ഞാനിതാ നോക്കിക്കാണുന്നതുപോലെ തോന്നുന്നുവെന്നു ആയിശ (റ) പറഞ്ഞതായി റിപ്പോൎട്ടു് ചെയ്യപ്പെട്ടിരിക്കുന്നു.) ആയിശഃയിൽ നിന്നുതന്നെ ഉദ്ധരിക്കപ്പെട്ട മറെറാരു ഹദീസു കാണുക:

كنت أطيب رسول الله صلى الله عليه وسلم لإحرامه قبل أن

يحرم ولحله قبل أن يطوف بالبيت

(നബിയ്ക്കു്, തൻെറ ഇഹ്റാമിനുവേണ്ടി താൻ ഇഹ്റാം ചെയ്യുന്നതിനുമുമ്പും, തൻെറ വിരാമത്തിനുവേണ്ടി താൻ കഅ്ബയെ തവാഫ് ചെയ്യുന്നതിനുമുമ്പായി ഞാൻ സുഗന്ധവസ്തു പൂശിക്കൊടുത്തിരുന്നു.)

4. 'ഇഹ്റാമിൻെറ സുന്നത്തു നിസ്കാരം' എന്ന നിയ്യത്തോടുകൂടി രണ്ടു റക്അത്ത് നിസ്കരിക്കുക.

قَالَ ابْنُ عُمَرَ رَضِيَ اللهُ عَنْهُ كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَرْكَعُ بِذِي الْحُلَيْفَةِ رَكْعَتَيْنِ — مسلم

നബി (സ) ദുൽഹുലൈഫയിൽവെച്ചു രണ്ടു റക്അത്ത് നമസ്കരിച്ചിരുന്നു. (ദുൽഹുലൈഫഃ മദീനാവഴി വരുന്നവരുടെ മീഖാത്താണ്.)

## തൽബിയത്തും അതിൻെറ സന്ദർഭവും

ഹജ്ജിന്നു ഇഹ്റാം ചെയ്താൽപിന്നെ ദുൽഹജ്ജ് പത്തിന്നു 'ജംറത്തുൽ അഖബഃ'യിലെ ഒന്നാമത്തെ കല്ലേറുവരെ തൽബിയത്ത് ചൊല്ലേണ്ടതാണ്. പ്രസ്തുത കല്ലേറിന്നുശേഷം തൽബിയത്ത നിർത്തുകയും വേണം. ഇഹ്റാം ചെയ്തതിന്നുശേഷം ഓരോ നമസ്കാരത്തിന്നുശേഷവും, യാത്രാസംഘങ്ങളുമായി കണ്ടുമുട്ടുമ്പോഴും, ഉയന്നതും താഴ്ന്നതുമായ സ്ഥലങ്ങൾ കടന്നുപോവുമ്പോഴും, താവളങ്ങളിൽനിന്നു യാത്ര പുനരാരംഭിക്കുമ്പോഴും, ഏതെങ്കിലും സ്ഥലത്തുചെന്നു യാത്ര നിർത്തുമ്പോഴുമെല്ലാം തൽബിയത്ത് പ്രത്യേകം സുന്നത്തുണ്ട്.

ഉംറഃ മാത്രം ചെയ്യുന്നവക്ക് ഇഹ്റാം മുതൽ ത്വവാഫ് തുടങ്ങുന്നതുവരെ മാത്രമേ തൽബിയത്ത് വേണ്ടതുള്ളു.

ഇബ്നുഉമറി(റ)ൽനിന്നും നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ വന്നപ്രകാരം, ഇങ്ങിനെയാണ് തൽബിയത്ത്:

لَبَّيْكَ اللّٰهُمَّ لَبَّيْكَ ! لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ ! إِنَّ الْحَمْدَ وَالنِّعْمَةَ

لَكَ ! وَالْمُلْكَ لَا شَرِيكَ لَكَ !

(കല്പനപോലെ! അല്ലാഹുവേ! കല്പനപോലെ! കല്പന പോലെ!! നിനക്കൊരു കൂട്ടുകാരനില്ല. കല്പനപോലെ!! തീച്ചയായും സ്തുതിയും അനുഗ്രഹവും രാജത്വവും നിന ക്കുള്ളതാണ്. നിനക്കൊരു കൂട്ടുകാരനില്ലതന്നെ!)

ഇങ്ങിനെ ചൊല്ലിയതിന്റെ ശേഷം നബി(സ) യുടെമേൽ സലാത്തുചൊല്ലുന്നതും, പാപമോചനത്തിനും മററുമായി അല്ലാഹുവിനോട്ടു പ്രാത്ഥിക്കുന്നതും നല്ല താണ്.

## ഇഹ്റാമിന്റെ ശേഷം ചെയ്യാവുന്ന കാര്യങ്ങൾ

(1) ഇഹ്റാമിൽ പ്രവേശിച്ചതിനുശേഷം കുളി ക്കുന്നതിനും, വസ്ത്രം മാററുന്നതിനും വിരോധമില്ല.

عَنِ ابْنِ عَبَّاسٍ: أَنَّهُ دَخَلَ حَمَّامَ الْجُحْفَةِ وَهُوَ مُحْرِمٌ قِيلَ لَهُ

أَتَدْخُلُ وَأَنْتَ مُحْرِمٌ؟ فَقَالَ إِنَّ اللّٰهَ مَا يَعْبَأُ بِأَوْسَاخِنَا شَيْئًا

(ഇഹ്റാം ചെയ്തിരിയ്ക്കവേ ഇബ്നു അബ്ബാസ് (റ) 'ജുഹ്ഫ'യിലെ കുളിപ്പുരയിൽ പ്രവേശിച്ചപ്പോൾ, 'താങ്കൾ ഇഹ്റാമിലായിരിക്കവേ ഇതിൽ പ്രവേശിക്കു കയോ?' എന്നാരോ ചോദിച്ചു. തദവസരം അദ്ദേഹം ഇങ്ങിനെ ഉത്തരം പറഞ്ഞതായി റിപ്പോർട്ടുണ്ട്:

"നമ്മുടെ അഴുക്കുകളെക്കൊണ്ട് അല്ലാഹുവിന്നു യാതൊരു കാര്യവുമില്ല!"

(2) പൊടിപടലങ്ങളിൽ നിന്നോ മററോ രക്ഷപ്പെടാനായി മുഖം മൂടുന്നതിന്നും വിരോധമില്ല. സലഫുസ്സാലിഹുകൾ (പൂർവ്വ മുസ്ലിംകൾ) ഇഹ്റാമിൽ പ്രവേശിച്ചശേഷം കാററടിക്കുമ്പോൾ മുഖം മൂടാറുണ്ടായിരുന്നുവെന്നു മുജാഹിദ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സ്ത്രീകൾക്ക് ഇഹ്റാമിലായിരിയ്ക്കുമ്പോഴും ഷൂസ് ധരിക്കാവുന്നതാണ്.

عَنْ عَائِشَةَ اَنَّ رَسُولَ اللهِ صلى الله عليه وسلم قَدْ كَانَ رَخَّصَ لِلنِّسَاءِ فِي الْخُفَّيْنِ - رواه ابو داود

(നബി (സ) സ്ത്രീകൾക്ക് ഷൂസ് ധരിക്കുവാൻ അനുവദിച്ചിട്ടുണ്ടായിരുന്നു.)

(4) മനഃപൂർവ്വമല്ലാതെ തലമറക്കുകയോ, തുന്നിയ വസ്ത്രം ധരിക്കുകയോ ചെയ്യുന്നവർക്ക് പ്രായശ്ചിത്തം ആവശ്യമില്ലെന്നു ഇമാം ശാഫിയും മററും അഭിപ്രായപ്പെട്ടിരിക്കുന്നു.

(5) കുരു പൊട്ടിക്കുക, ഓപ്പറേഷൻ ചെയ്യിക്കുക, മുറികെട്ടുക, പല്ല് പൊരിക്കുക, ചൊറിയുക മുതലായത് തെററല്ല.

നബി (സ) ഇഹ്റാമിലായിരിക്കെ 'കൊമ്പുവെപ്പിച്ച'തായി ഹദീസുകളിൽ വന്നിട്ടുണ്ട്.

(6) കണ്ണാടിയിൽ നോക്കുകയും സുഗന്ധവസ്തുക്കൾ (പുരട്ടാതെ) മണത്തുനോക്കുകയും ചെയ്യുന്നതിനും വിരോധമില്ല.

(7) കൊഴുപ്പുസാധനങ്ങൾ (ചികിത്സാൎത്ഥം) ഉപയോഗിക്കാം.

(8) പണസഞ്ചി അരയിൽ കെട്ടുന്നതിന്നും, മോതിരം ധരിക്കുന്നതിന്നും വിരോധമില്ല.

(9) സുഗന്ധമില്ലാത്ത സുൎമ്മ കണ്ണിലിടാം.

(10) ശീലക്കുട ഉപയോഗിക്കുന്നതിന്നൊ, തമ്പിലൊ വീട്ടിലോ താമസിക്കുന്നതിന്നോ വിരോധമില്ല.

(11) ഈച്ച, ഉറുമ്പ്, തേൾ, എലി, കടിക്കുന്ന നായ, പാമ്പ് മുതലായ ഉപദ്രവജന്തുക്കളെ കൊല്ലാം.

മേൽ വിവരിച്ച സംഗതികൾ ഇഹ്റാമിൽ പ്രവേശിച്ചവൎക്ക് അനുവദനീയമാണെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

## ഇഹ്റാമിൽ വിരോധിക്കപ്പെട്ടവ

ഒരാൾ ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ താഴെ പറയുന്ന കാര്യങ്ങൾ അയാൾക്ക് വിരോധമായിത്തീരുന്നതാണ്:

(1) സംഭോഗം, ചുംബനം, കാമത്തോടുകൂടിയുള്ള സ്പൎശനം മുതലായവയും;

(2) അല്ലാഹുവിനോടുള്ള അനുസരണത്തിന്നു നിരക്കാത്ത പ്രവൎത്തനങ്ങൾ.

(3) സഹയാത്രക്കാർ, വേലക്കാർ മുതലായവരോടു ശണ്ഠകൂടൽ.

فَمَنْ فَرَضَ فِيهِنَّ الْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي الْحَجِّ

(ആ മാസങ്ങളിൽ) ഒരാൾ ഹജ്ജിന്നു തീരുമാനിച്ചാൽ പിന്നെ സംഭോഗമോ കുററകരമായ പ്രവൃത്തികളോ ശണ്ഠകൂടലോ പാടുള്ളതല്ല.)

(4) ഷർട്ട്, തൊപ്പി, പായ്ജാമ മുതലായി തുന്നിയ ഉടുപ്പുകളും, തലപ്പാവ്പോലെയുള്ള മററു തല മറക്കുന്ന സാധനങ്ങളും സുഗന്ധമുള്ള ചായം മുക്കിയ വസ്ത്രവും ധരിക്കാൻ പാടില്ല. എന്നാൽ ചെരിപ്പു കിട്ടാതിരുന്നാൽ കാലിൻെറ മടമ്പ് മറയാത്ത സ്ലിപ്പർ ധരിക്കാവുന്നതാണ്.

عَنِ ابْنِ عُمَرَ انَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لَا يَلْبَسُ الْمُحْرِمُ
الْقَمِيصَ وَلَا الْعِمَامَةَ وَلَا الْبُرْنُسَ وَلَا السَّرَاوِيلَ وَلَا ثَوْبًا
مَسَّهُ وَرْسٌ اَوْ زَعْفَرَانٌ، وَلَا الْخُفَّيْنِ اِلَّا اَنْ لَا يَجِدَ نَعْلَيْنِ
فَلْيَقْطَعْهُمَا حَتَّى يَكُونَا اَسْفَلَ مِنَ الْكَعْبَيْنِ (رواه البخاري ومسلم)

(ഇഹ്റാമിൽ പ്രവേശിച്ചവന്നു ഷർട്ടും, തലപ്പാവും കാലുറയും ഉരുക്കുതൊപ്പിയും 'വർസോ' (ഒരുതരം ചായച്ചെടി) കുങ്കുമമോ സ്പർശിച്ച ഉടുപ്പും, ബൂട്ടുകളും ധരിക്കുവാൻ പാടില്ല. എന്നാൽ ചെരിപ്പു കിട്ടാതിരുന്നാൽ മടമ്പിൻെറ താഴ്ഭാഗമാകത്തക്കവിധം മുറിച്ച ബൂട്ടുകൾ ധരിക്കട്ടെ.)

45719

ഇപ്പറഞ്ഞതൊന്നും സ്ത്രീകൾക്ക് ബാധകമല്ല. മുഖമൂടി, കയ്യുറ, സുഗന്ധവസ്ത്രം എന്നിവ ധരിക്കൽ മാത്രമാണ് അവരെ സംബന്ധിച്ചിടത്തോളം വിരോധമായിട്ടുള്ളത്.

(5) സ്വയം വിവാഹവും മററൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കലും, വിരോധമാണ്.

لا ينكح المحرم ولا ينكح (رواه مسلم)

(ഇഹ്റാമിൽ പ്രവേശിച്ചവൻ വിവാഹം ചെയ്യുകയോ, ചെയ്തുകൊടുക്കുകയോ അരുത്.)

(6) നഖം മുറിയ്ക്കുവാനും, ശരീരത്തിൽനിന്നു മുടിയോ, രോമമോ എടുക്കുവാനും പാടില്ല.

ولا تحلقوا رؤسكم حتى يبلغ الهدى محله

(ബലിമൃഗം അതിൻെറ സ്ഥാനത്തെത്തിയല്ലാതെ നിങ്ങൾ തലമുടി എടുക്കരുത്.)

രോഗമോ, തലയിൽ മററുവല്ല ഉപദ്രവമോ ഉണ്ടെങ്കിൽ മുടി എടുക്കുന്നതിന്നു വിരോധമില്ല. പക്ഷെ അതിന്നു പ്രായശ്ചിത്തം വേണ്ടിവരും.

فمن كان منكم مريضا او به اذى من رأسه ففدية من صيام او صدقة او نسك

(നിങ്ങളിലാരെങ്കിലും രോഗം ബാധിക്കുകയോ, തലയ്ക്കു വല്ല ബുദ്ധിമുട്ടും നേരിടുകയോ ചെയ്താൽ (മുടികളഞ്ഞു)

നോമ്പോ, ധർമ്മമോ, ബലികർമ്മമോ ചെയ്തു പ്രായശ്ചിത്തം നല്കേണ്ടതാണ്.)

(7) ഇഹ്റാമിൽ പ്രവേശിച്ചുകഴിഞ്ഞാൽ എണ്ണയും, സുഗന്ധവസ്തുക്കളും ഉപയോഗിക്കുവാൻ പാടില്ല. അതിനുമുമ്പുപയോഗിച്ചതിന്റെ അവശിഷ്ടം തരക്കേടില്ല. ഒരു ഹദീസിൽ ഇങ്ങിനെ വന്നിരിക്കുന്നു:

الحاجُ الشَّعِثُ التَّفِلُ (ترمذى)

(എണ്ണ ഉപയോഗിക്കാതെ, മുടി ജടകെട്ടിയവനും മുഷിഞ്ഞവനുമാണ് ഹാജി.)

(8) സുഗന്ധച്ഛായം കൊടുത്ത വസ്ത്രം ധരിക്കാൻ പാടില്ല.

عن ابن عمر رضى الله عنه ان النبى صلى الله عليه وسلم قال
لَا تَلْبَسُوا ثَوْبًا مَسَّهُ وَرْسٌ اَوْ زَعْفَرَانٌ اِلَّا اَنْ يَكُونَ غَسِيلًا
(رواه ابن عبد البر)

(പച്ചച്ചായമുള്ളചെടിയോ കുങ്കുമമോ സ്പർശിച്ച വസ്ത്രം അലക്കിയിട്ടല്ലാതെ ധരിക്കരുത്.)

(9) നായാട്ടും, സ്വന്തത്തിനു വേണ്ടി നായാടിയ മൃഗത്തെ തിന്നലും ഹറാമാണ്.

മേൽ പറഞ്ഞ ഹറാമുകളിൽനിന്നു സംഭോഗം ചെയ്തുപോയാൽ ഹജ്ജ് ബാത്തിലാവുന്നതും, അടുത്ത കൊല്ലംതന്നെ മറെറാരു ഹജ്ജ് ചെയ്യേണ്ടതുമാണ്. കൂടാതെ ഒരൊട്ടകത്തെയൊ, അതിനു സാധിക്കാത്ത പക്ഷം ഒരു പശുവിനെയൊ, അതിനും സാധിക്കാതിരുന്നാൽ ഏഴ് ആട്ടിനേയോ അറുത്തു തെണ്ടം ചെയ്യേ

ണ്ടതുമാണ്. ഈ മൂന്നെണ്ണത്തിൽ യാതൊന്നും സാധ്യമാകാതെവന്നാൽ ഒട്ടകത്തിന്റെ വിലയുള്ള ഭക്ഷണസാധനം ധർമ്മം ചെയ്യണം; അതും കഴിയാതിരുന്നാൽ ആ ഭക്ഷണസാധനത്തിന്റെ അളവെടുത്ത് ഒരു മുദ്ദിന്നു ഓരോ നോമ്പുവീതം അനുഷ്ഠിക്കേണ്ടതാണ്.

മുടിയെടുക്കുക, തുന്നിയ വസ്ത്രം ധരിക്കുക തുടങ്ങി വിരോധിക്കപ്പെട്ട വല്ലതും ചെയ്തുപോയാൽ ഒരാടറുത്തു ധർമ്മം കൊടുക്കുകയോ, ആറു ദരിദ്രക്ക് ഈരണ്ടു മുദ്ദുകൾ വീതം ഭക്ഷണംനല്കുകയോ, അല്ലെങ്കിൽ മൂന്നു നോമ്പനുഷ്ഠിക്കുകയോ വേണം. ഈ മൂന്നു പ്രായശ്ചിത്തങ്ങളിൽ ഇഷ്ടമുള്ള ഒന്നു ചെയ്താൽ മതി.

عن كعب بن عجرة: ان رسول الله صلى الله عليه وسلم مر به زمن الحديبية فقال: قد اذاك هوام راسك؟ قال نعم، فقال النبى صلى الله عليه وسلم: احلق راسك ثم اذبح شاة او صم ثلاثة ايام او اطعم ثلاثة اصع من تمر على ستة مساكين

(رواه البخارى ومسلم)

(കഅ്ബുബ്നുഉജ്റയിൽനിന്നു ഇങ്ങിനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: "ഹുദൈബിയാ സന്ധിയുടെ കാലത്ത് നബി (സ) അദ്ദേഹത്തിന്റെ അടുത്തുചെന്ന് 'താങ്കളുടെ തലയിലെ പുഴുക്കൾ താങ്കളെ വല്ലാതെ ശല്യപ്പെടുത്തിയിരിക്കുന്നുവല്ലോ', എന്നു പറഞ്ഞു. ഞാൻ "അതെ" എന്നുത്തരം പറഞ്ഞതിനെത്തുടർന്ന് നബി (സ) നിർദ്ദേശിച്ചു: "തലമുടി വടിക്കുക, എന്നിട്ടു ഒരാട്ടിനെ

അറുത്തു ധർമ്മം ചെയ്യുക; അല്ലെങ്കിൽ മൂന്നു നോമ്പനു ഷ്ഠിക്കുക; അതുമല്ലെങ്കിൽ മൂന്നു 'സാഅ്'* കാരക്ക ആറു ദരിദ്രന്മാർക്ക് ഭക്ഷിപ്പിക്കുക!")

## മക്കയിൽ പ്രവേശിക്കേണ്ട ക്രമം

മക്കയിൽ പ്രവേശിക്കുന്നതിന്നു മുമ്പായി കുളിക്കുന്നത് നല്ലതാണ്. സാമാനങ്ങൾ സൂക്ഷിക്കാനുള്ള ഏർപ്പാടു ചെയ്തു, ഉടനെ ബാബുസ്സലാമിൽകൂടി ഭയഭക്തിയോടും, വിനയത്തോടുംകൂടി പരിശുദ്ധ കഅ്ബയുടെ നേരെ പോകേണ്ടതാണ്. തദവസരത്തിൽ ഇങ്ങിനെ പ്രാർത്ഥിക്കുന്നത് നല്ലതാണ്.

اعوذ بالله العظيم، وبوجهه الكريم، وسلطانه القديم من

الشيطان الرجيم، بسم الله اللهم صلى على محمد واله وسلم،

اللهم اغفر لي ذنوبي وافتح لي ابواب رحمتك

(ശപിക്കപ്പെട്ട പിശാചിൽനിന്നു മഹാനായ അല്ലാഹുവിനെകൊണ്ടും, അവൻെറ ബഹുമാന്യമായ മുഖത്തെക്കൊണ്ടും, അവൻെറ അനാദിയായ അധികാരത്തെക്കൊണ്ടും, ശരണം! അല്ലാഹുവേ, നബി (സ)യുടെയും കുഡുംബത്തിൻെറയും മേൽ കരുണയും ശാന്തിയും വർഷിക്കേണമേ! അല്ലാഹുവേ! എൻെറ കുററങ്ങൾ പൊറുത്തു തരിക; നിൻെറ അനുഗ്രഹത്തിൻെറ കവാടം എനിക്കു തുറന്നു തരിക!)

---

* ഒരു സാഇന്നു നാലു മുദ്ദ്. ഒരു മുദ്ദിന്നു സാധാരണ കൈകൾക്കു ഒരളവ്. അതായതു, ഇരു കൈകളും മലർത്തിപ്പിടിച്ചു അവയിൽ കൊള്ളാവുന്ന പരിമാണം.

PUBLIC LIBRARY KOTTAYAM

കഅ്ബഃയുടെ നേരെ ദൃഷ്ടി പതിയുമ്പോൾ രണ്ടു കയ്യും ഉയൎത്തിപ്പിടിച്ചു ഇങ്ങിനെ പ്രാൎത്ഥിക്കണം:

اللهم زد هذا البيت تشريفا وتعظيما وتكريما ومهابة
وزد من شرفه وكرمه ممن حجه أو اعتمره تشريفا
وتكريما وتعظيما وبرا اللهم أنت السلام، ومنك السلام،
فحينا ربنا بالسلام

(അല്ലാഹുവേ ഈ മന്ദിരത്തിന്നു ബഹുമതിയും മഹത്വവും ആദരവും ഗാംഭീര്യവും വൎദ്ധിപ്പിക്കുക! ഇവിടെ വന്നു ഹജ്ജോ ഉംറയോ ചെയ്തു ഇതിനെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവൎക്കു ബഹുമാനവും ആദരവും മഹത്വവും പുണ്യവും അധികരിപ്പിക്കുക! അല്ലാഹുവേ! നീയാണ് സമാധാനം. നിന്നിൽനിന്നാണ് സമാധാനം. അതിനാൽ സമാധാനംകൊണ്ട് നീ ഞങ്ങളെ സ്വാഗതം ചെയ്യേണമേ!)

ഈ പ്രാൎത്ഥന കഴിയുന്നതോടുകൂടി 'ഹജറുൽ അസ്‌വദി'ന്റെ നേരെ ചെന്നു ശബ്ദം കൂടാതെ അതിനെ ചുംബിക്കുകയോ. അതിന്നു സാധിക്കാതെവന്നാൽ കൈ കൊണ്ട് തൊട്ട് ആ കൈ ചുംബിക്കുകയോ വേണം. അതും സാധിക്കാത്തപക്ഷം കൈകൊണ്ടു ആംഗ്യം കാണിക്കുകയെങ്കിലും വേണം.

## 'തവാഫ്'

മേൽപറഞ്ഞപ്രകാരം ചെയ്തുകഴിഞ്ഞാൽപിന്നെ 'തവാഫ്' തുടങ്ങുകയായി. ഹജറുൽഅസ്‌വദ് ഇടത്തു

ഭാഗത്താക്കി നേരെ നിന്നശേഷം മുമ്പോട്ടു നടക്കുക; ഇങ്ങനെ കഅ്ബഃയെ ഏഴു പ്രാവശ്യം പ്രദക്ഷിണം ചെയ്യുക — ഇതിനാണ് 'തവാഫ്' എന്നു പറയുന്നത്. ആദ്യത്തെ മൂന്നു ചുററലിൽ കാലടികൾ അടുപ്പിച്ചു വെച്ചുകൊണ്ടു വേഗതയിൽ നടക്കുന്നതു സുന്നത്താണ്. ബാക്കി നാലു ചുററലിലും ഹജറുൽഅസ്‌വദ് ചുംബി ക്കുന്നതും, 'റുക്നുൽയമാനി' (തെക്കുകിഴക്കെ മൂല) തൊടു ന്നതും സുന്നത്താണ്. തിക്കും തിരക്കുമുണ്ടാകുമ്പോൾ സൗകര്യമനുസരിച്ചു ചെയ്താൽ മതിയാകുന്നതാണ്. തവാഫിൻെറ ആരംഭത്തിൽ ഇപ്രകാരം ചൊല്ലുന്നത് നല്ലതാണ്.

بِسْمِ اللّٰهِ وَاللّٰهُ أَكْبَرُ اللّٰهُمَّ إِيمَانًا بِكَ وَتَصْدِيقًا بِكِتَابِكَ

وَوَفَاءً بِعَهْدِكَ وَاتِّبَاعًا لِسُنَّةِ نَبِيِّكَ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ

(അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ തുടങ്ങുന്നു)! അല്ലാഹു അതിമഹാനാണ്! അല്ലാഹുവേ! നിന്നിൽ വിശ്വ സിച്ചുകൊണ്ടും, നിൻെറ കിതാബ് സത്യമാക്കിക്കൊ ണ്ടും, നിന്നോടു ചെയ്ത വാഗ്ദാനം പാലിച്ചുകൊണ്ടും, നിൻെറ നബി (സ)യുടെ ചര്യയെ പിന്തുടൎന്നുകൊണ്ടും (ഞാനിതാ തവാഫ് ചെയ്യുന്നു.)

ഇബ്നുമാജഃ റിപ്പോർട്ടുചെയ്ത ഒരു ഹദീസിൽ ഇങ്ങിനെയും വന്നിരിക്കുന്നു:

سُبْحَانَ اللّٰهِ وَالْحَمْدُ لِلّٰهِ وَلَا إِلٰهَ إِلَّا اللّٰهُ وَاللّٰهُ أَكْبَرُ وَلَا حَوْلَ وَلَا

قُوَّةَ إِلَّا بِاللّٰهِ

(അല്ലാഹുവിന്നു സ്തോത്രം! സർവ്വസ്തുതിയും അല്ലാഹുവിനാണ്! അല്ലാഹുവല്ലാതെ ദൈവമില്ല. അല്ലാഹു അതിമഹാനാണ! അല്ലാഹുവെക്കൊണ്ടല്ലാതെ ശക്തിയും കഴിവുമില്ല!)

റുക്നൽയമാനി (തെക്കുകിഴക്കെ മൂല)യിലേക്കെത്തുമ്പോൾ ഇങ്ങിനെ പ്രാർത്ഥിക്കണം:

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ (ابو داود والشافعى).

(ഞങ്ങളുടെ നാഥ! നീ ഞങ്ങൾക്കു ഇഹത്തിലും പരത്തിലും നല്ലത് പ്രദാനം ചെയ്യുകയും, നരകശിക്ഷയിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ!)

തവാഫിൽ പ്രത്യേകിച്ചു, മററു സന്ദർഭങ്ങളിൽ പൊതുവായും താന്താങ്ങൾക്കറിയാവുന്ന ഭാഷയിൽ ഇഹപരവിജയത്തിന്നായി പ്രാർത്ഥിക്കൽ ആവശ്യമാണ്. പ്രാർത്ഥനകളെല്ലാം അറബിയിലെ പാടുള്ളുവെന്നു നിബന്ധനയില്ല. ഹദീസുകളിൽ വ്യക്തമായി വന്ന പ്രാർത്ഥനകൾ അതതിൻെറ സ്ഥാനങ്ങളിൽവെച്ചു പ്രാർത്ഥിക്കുന്നത് ഏററവും നല്ലതുതന്നെയാണ്.

തവാഫ് കഴിഞ്ഞ ഉടനെ, وَاتَّخِذُوا مِنْ مَقَامِ إِبْرٰهِيمَ مُصَلًّى (ഇബ്രാഹീമിൻെറ സ്ഥാനത്തെ നിങ്ങൾ നമസ്കാരസ്ഥലമാക്കുവിൻ!) എന്ന ഖുർആൻ വാക്യം ഓതിയുംകൊണ്ടു 'മഖാമു ഇബ്രാഹീമി'ന്നടുത്തു ചെന്നു രണ്ട് റക്അത്ത് നമസ്കരിക്കേണ്ടതാണ്. ഇതോടെ തവാഫിൽനിന്നു വിരമിക്കുകയായി.

ഹജ്ജിന്നു മാത്രം ഇഹ്റാം കെട്ടിയ ആളാണെങ്കിൽ അയാളുടെ ഈ തവാഫിന്ന 'തവാഫുൽ ഖുദൂം' എന്നു പറയുന്നു. ഇത് സുന്നത്താണുതാനും. ഇനി ഹജ്ജും ഉംറഃയും ഒന്നായി ചെയ്യുന്ന ആളോ, ആദ്യം ഉംറഃചെയ്തു വിരമിക്കാനുദ്ദേശിക്കുന്ന ആളോ ആണെങ്കിൽ ഈ തവാഫ് ആ ഉംറഃയുടേതുകൂടിയായിരിക്കും. അതിനാൽ അയാൾ മർവഃയുടെയും സഫായുടെയും ഇടയിൽ ഓടൽ (سعى) തുടങ്ങിയ ഉംറഃയുടെ മററു പടങ്ങുകൾ തുടന്നു ചെയ്യേണ്ടതാണ്. ഉംറഃയും ഹജ്ജും ഒന്നായി ചെയ്യുന്ന ആളാണെങ്കിൽ പ്രസ്തുത ഓട്ടം കഴിഞ്ഞാലും ഇഹ്റാമിൽതന്നെ നിലകൊള്ളേണ്ടതാകുന്നു. ഇനി ഉംറഃ മാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ ഓട്ടം കഴിഞ്ഞു മുടി വടിക്കുകയോ മുടി വെട്ടുകയോ ചെയ്തു അയാൾക്കു ഹലാലാവാം.

## തവാഫിൻെറ വകുപ്പുകൾ

തവാഫുകൾ മൂന്നു വകുപ്പാകുന്നു: ഒന്നു, തവാഫുൽ ഖുദൂം': (طواف القدوم) മക്കയിൽ പ്രവേശിച്ച ഉടനെ ചെയ്യുന്ന തവാഫ്; രണ്ടു, 'തവാഫുൽ ഇഫാസത്ത്:' (طواف الإفاضة) അറഫയിൽ നിന്നു മടങ്ങിയ ശേഷം ചെയ്യുന്നത്. മൂന്നു, 'തവാഫുൽവദാഅ്': (طواف الوداع) മക്ക വിടുമ്പോൾ ചെയ്യുന്നത്.

ഉംറഃചെയ്തു് ഹലാലാകുന്നവക്ക് ഉംറഃയുടെ നിബന്ധചടങ്ങുകളിൽ ഒന്നു കൂടിയായിരിക്കും തവാഫുൽഖുദൂം. അതിനാൽ അവക്കിതുപേക്ഷിക്കാൻ പാടുള്ളതല്ല. എന്നാൽ ഹജ്ജ് മാത്രമോ, ഹജ്ജും ഉംറഃയും ഒന്നിച്ചോ ചെയ്യുന്നവക്ക് ഈ തവാഫുപേക്ഷിക്കുന്നതിന്നു വിരോധമില്ല.

'ഹജ്ജിന്റെ ഫർസുകളിൽ ഒന്നാണ് തവാഫുൽ ഇഫാസത്ത്.' അത് ചെയ്യാതിരുന്നാൽ ഹജ്ജ് പൊളിഞ്ഞുപോവും.

അവസാനം മസ്ജിദുൽ ഹറാം വിട്ടുപോകുമ്പോൾ ചെയ്യേണ്ടതാണ് തവാഫുൽ വദാഅ്. ആർത്തവംപോലുള്ള കാരണങ്ങളാൽ ഈ തവാഫ് ചെയ്യാൻ സാധിക്കാതെ വന്നാൽ ഹജ്ജിന്നു ദോഷം ബാധിക്കുകയില്ല. ഇത് സുന്നത്തോ അതോ ഉപേക്ഷിച്ചാൽ തണ്ടം കൊടുക്കേണ്ട വാജിബോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. വാജിബാണെന്നും ഉപേക്ഷിച്ചാൽ തണ്ടം കൊടുക്കണമെന്നും പറയുന്ന ഒരു പക്ഷം. സുന്നത്താണെന്നും ഉപേക്ഷിച്ചാൽ തണ്ടം വേണ്ടതില്ലെന്നും പറയുന്ന മറുപക്ഷം. എന്നാൽ ആർത്തവം മുതലായ കാരണങ്ങളാൽ പ്രസ്തുത തവാഫുപേക്ഷിക്കേണ്ടിവന്നാൽ തണ്ടം വേണ്ടതില്ലെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലമായി തോന്നുന്നത്.

## തവാഫിന്റെ ശർത്തുകൾ

1. ചെറിയതും വലിയതുമായ അശുദ്ധികളിൽ നിന്നും മാലിന്യങ്ങളിൽനിന്നും ശുദ്ധിയായിരിക്കുക:

عن عائشة رضى الله عنها قالت: ان اول شيى بدا به النبى صلى الله عليه وسلم حين قدم مكة انه توضا ثم طاف بالبيت. بخارى مسلم

(മക്കയിൽ പ്രവേശിച്ചപ്പോൾ നബി (സ) ഒന്നാമതായി ചെയ്തത് വുസൂ ചെയ്യുകയും അനന്തരം തവാഫ് ചെയ്യുകയുമാണ്.)

2. ഔറത്ത് മറക്കുക.

وَلَا يَطُوفُ بِالْبَيْتِ عُرْيَانٌ (بخارى ومسلم)

(നഗ്നൻ കഅബാ പ്രദക്ഷിണം ചെയ്യരുത്.)

3. ഏഴു പ്രാവശ്യം കഅ്ബയെ ചുററുക;

4. തവാഫിൻെറ തുടക്കവും അവസാനവും ഹജറുൽ അസ്‌വദ്കൊണ്ടായിരിക്കുക.

5. കഅ്ബ തവാഫ് ചെയ്യുന്നവൻെറ ഇടത്തു ഭാഗത്തായിരിക്കുക.

6. തവാഫ് ചെയ്യുന്നത് കഅ്ബയുടെ പുറത്തു വെച്ചായിരിക്കുക.

അതിനാൽ ഇബ്രാഹീംനബി (അ) നിർമ്മിച്ചിരുന്ന സക്ഷാൽ തറയിൽനിന്നും, ഉപേക്ഷിക്കപ്പെട്ട ഹിജ്ററിൽകൂടിയോ, ചുററമുള്ള ശാദർവാനിൽകൂടിയോ തവാഫ് ചെയ്താൽ അത് സാധുവാകുന്നതല്ല.

7. ഏഴു തവാഫുകൾ തുടച്ചയായിരിക്കണം എന്നു പണ്ഡിതന്മാരിൽ ചിലക്ക് അഭിപ്രായമുണ്ട്.

## തവാഫിൻെറ സുന്നത്തുകൾ

1. തവാഫ് തുടങ്ങുമ്പോൾ ഹജറുൽ അസ്‌വദിനു നേരിട്ടുനിന്നു രണ്ടുകയ്യും ഉയത്തി ബിസ്മില്ലാഹി അല്ലാഹുഅക്ബർ എന്നു ചൊല്ലിക്കൊണ്ടു അവ അതിന്മേൽ വെക്കുകയും, മുഖംകൊണ്ട് ചുംബിക്കുകയും ചെയ്യുക.

2. തട്ടത്തിൻെറ മദ്ധ്യഭാഗം വലത്തെ കക്ഷത്തും രണ്ട് തുമ്പുകൾ ഇടത്തെ ചുമലിലുമാക്കി ഇടുക ഇതിന്നു 'ഇസ്തിബാഉ്' اضطباع എന്നു പറയുന്നു.

3. ആദ്യത്തെ മൂന്നു തവാഫിൽ കാലടികൾ അടുപ്പിച്ചുവെച്ച് ഓടിനടക്കുക. ഇതിന്നു 'റംല്' رمل എന്നു പറയുന്നു. (ഈ പറഞ്ഞ രണ്ടു കാര്യങ്ങളും, ഉംറഃയുടെ തവാഫിലും, ശേഷം സഫാ-മർവയുടെ ഇടയിൽ 'സഅ്യ്' ചെയ്യേണ്ടതുള്ള ഹജ്ജിൻെറ തവാഫിലും പുരുഷന്മാൎക്കു മാത്രമേ സുന്നത്തുള്ളു. സാധാരണയായി ചെയ്യപ്പെടുന്ന മററു തവാഫുകളിൽ ഇത് വേണ്ടതില്ല)

4. റുക്നുൽയമാനി (തെക്ക് കിഴക്കെ മൂല)യെ തൊടുക.

5. തവാഫിൻെറ ശേഷം ഇബ്രാഹീംമഖാമിൻെറ അടുത്തുനിന്നു (സൗകര്യപ്പെടാത്തപക്ഷം പള്ളിയിൽ എവിടെയെങ്കിലും നിന്നു) രണ്ട് റകഅത്ത് നമസ്കരിക്കുക. ഇതിൽ ഫാതിഹഃയുടെ ശേഷം ഒന്നാമത്തെ റകഅത്തിൽ 'അൽകാഫിറൂൻ' എന്ന സൂറയും രണ്ടാമത്തേതിൽ 'ഇഖ്ലാസും' ഓതുന്നത് സുന്നത്താണ്.

സ്ത്രീകൾക്ക് പുരുഷന്മാരൊന്നിച്ചു തവാഫ് ചെയ്യുന്നതിന്നു വിരോധമില്ല. പക്ഷെ പുരുഷന്മാരുടെ കൂട്ടത്തിൽ കലരുവാൻ പാടില്ല. നബി (സ)യുടെ ഭാൎയ്യമാർ പുരുഷന്മാരുടെ കൂട്ടത്തിൽ കലരാതെ ഒന്നിച്ചു തവാഫ് ചെയ്തതായി ബുഖാരി (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ കാണുന്നു.

തവാഫും അതിൻെറ ശേഷമുള്ള നമസ്കാരവും കഴിഞ്ഞാലുടനെ സംസം വെള്ളത്തിൽനിന്നു അല്പം കുടിക്കുന്നത് നല്ലതാണ്. നബി (സ) അങ്ങിനെ ചെയ്തതായി ബുഖാരി നിവേദനം ചെയ്തിട്ടുണ്ട്.

ഹജറുൽ അസ്‌വദിൻെറയും, കഅ്ബയുടെ വാതിലിൻെറയും ഇടയിലുള്ള സ്ഥലത്തിന്നാണ് 'മുൽതസിം' എന്നു പറയുന്നത്. ആ സ്ഥലത്തുവെച്ച് പ്രാർത്ഥിക്കുന്നതു നല്ലതാണ്. മുൽതസിമിനെ നബി (സ) കെട്ടിപ്പിടിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്. സൗകര്യപ്പെടുന്നതായാൽ കഅ്ബയുടെ അകത്തു കടക്കുന്നതും നല്ലതാണ്.

## സഫാ മർവയുടെ ഇടയിലുള്ള ഓട്ടം

സഫാ, മർവ: എന്നീ രണ്ടു കുന്നുകൾക്കിടയിൽ ഓടുന്നത് ഹജ്ജിൻെറയും ഉംറഃയുടെയും ഫർസുകളിലെണ്ണപ്പെട്ടതാണെന്നും അതുപേക്ഷിച്ചാൽ ഹജ്ജ് സഹീഹാവില്ലെന്നുമാണ് പണ്ഡിതന്മാരിൽ പ്രധാനപ്പെട്ട ഒരു വിഭാഗത്തിൻെറ അഭിപ്രായം.

عن عائشة رضي الله عنها قالت: طاف رسول الله صلى الله عليه وسلم وطاف المسلمون بين الصفا والمروة فكانت سنة ولعمري ما اتم الله حج من لم يطف بين الصفا والمروة (مسلم)

("നബി (സ)യും മുസ്ലിമീങ്ങളും സഫാ-മർവയുടെ ഇടയിൽ ചുററുകയുണ്ടായി. അതിനാൽ അത് നബിചര്യയാണ്. എൻെറ ആയുസ്സുകൊണ്ടു് സത്യം! സഫാ-

മർവയുടെ ഇടയിൽ ചുററാത്തവൻെറ ഹജ്ജ് അല്ലാഹു പൂർത്തിയാക്കുകയില്ല" എന്നു ആയിശഃ (റ) പറഞ്ഞിരിക്കുന്നു.)

ഓട്ടം വാജിബാണെന്നും ഉപേക്ഷിച്ചാൽ തണ്ടം കൊടുത്താൽ മതിയെന്നും മറെറാരു കക്ഷിയും സുന്നത്തു മാത്രമാണെന്നു മൂന്നാമതൊരു വിഭാഗവും അഭിപ്രായപ്പെട്ടിട്ടുണ്ട്.

## സഅ്യിൻെറ ശർത്തുകൾ

1. തവാഫിൻെറ ശേഷമായിരിക്കുക,

2. ഏഴു പ്രാവശ്യം ആയിരിക്കുക, (സഫായിൽ നിന്നു ആരംഭിച്ചു മർവായിൽ എത്തിച്ചേർന്നാൽ ഒരു പ്രാവശ്യമായി ഗണിക്കപ്പെടും.)

3. സഫായിൽനിന്നു തുടങ്ങുകയും മർവായിൽ അവസാനിപ്പിക്കുകയും ചെയ്യുക,

4. നിശ്ചയിക്കപ്പെട്ട അതിർത്തിക്കുള്ളിലായി കിടക്കുന്ന വഴിയിൽകൂടിയായിരിക്കുക.

ഈ നിയമങ്ങൾക്കു വിരുദ്ധമായി ഒരാൾ സഅ്യ് ചെയ്താൽ ആയതു് സഹീഹാവുകയില്ല. എന്തുകൊണ്ടെന്നാൽ നബി (സ) മേൽപറഞ്ഞ വ്യവസ്ഥയനുസരിച്ചു മാത്രമെ സഅ്യ് ചെയ്തിട്ടുള്ളു.

സഅ്യ് ചെയ്യുമ്പോൾ ശുദ്ധിയുണ്ടായിരിക്കണമെന്നു നിബ്ബന്ധമില്ല. എങ്കിലും അതു് നല്ലതാണ്.

സഅ്യുകൾ ഏഴും തുടർച്ചയായിക്കൊണ്ട് നിർവ്വഹി ക്കണമെന്നും നിർബ്ബന്ധമില്ല. ഇടക്ക് അത്യാവശ്യമായ വല്ലതും ചെയ്യേണ്ടതായി വന്നാൽ സഅ്യ് നിർത്തി അത് ചെയ്തശേഷം ബാക്കി തുടർന്നാൽ മതി. സഅ്യിൽ സഫായുടെയും മർവായുടെയും മുകളിൽ കയറുന്നത് സുന്നത്താണ്.

## സഅ്യിൻെറ രൂപം

തവാഫും ശേഷമുള്ള നമസ്കാരവും കഴിഞ്ഞശേഷം "സഫാഗൈററിൽ" കൂടി സഫാ മലയുടെ നേരെ പോകേണ്ടതാണ്. ഈ അവസരത്തിൽ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللهِ

(തീർച്ചയായും സഫയും മർവയും അല്ലാഹുവിൻെറ ചിഹ്ന ങ്ങളിൽ പെട്ടതത്രെ) എന്ന ഖുർആൻ വാക്യം ഓതണം. തുടർന്ന് കഅ്ബ കാണാവുന്നത്ര ഉയരത്തിൽ "സഫാ" യുടെ മുകളിൽ കയറി കഅ്ബഃയുടെ നേരെ തിരിഞ്ഞു لَا إِلٰهَ إِلَّا اللهُ اللهُ أَكْبَرُ എന്നു മൂന്നു പ്രാവശ്യം ചൊല്ലുക. പിന്നീട്,

لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ
وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ لَا إِلٰهَ إِلَّا اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ
عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ

(കൂറുകാരില്ലാത്തവനും ഏകനുമായ അല്ലാഹുവല്ലാതെ വേറെ ഇലാഹില്ല. അവൻേറതാണ് ആധിപത്യം

അവന്നത്രെ സര്വ്വസ്തുതിയും; അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സര്വ്വത്തിന്നും കഴിവുള്ളവനാണ്. ഏക അല്ലാഹുവല്ലാതെ ദൈവമില്ല. അവൻ തന്റെ വാഗ്ദത്തം ഉടനടി നിറവേററി. തന്റെ അടിമയെ സഹായിച്ചു. സൈന്യവ്യൂഹങ്ങളെ അവനൊററക്കു തോല്പിച്ചോടിച്ചു) എന്നു മൂന്നു പ്രാവശ്യം ആവര്ത്തിച്ചുപറയുക. അതിന്റെ ശേഷം മര്വയിലേക്ക് നടക്കുക. മര്വയുടെ മുകളിൽ എത്തിയശേഷം സഫായിൽവെച്ച് ചെയ്തപോലെയെല്ലാം ചെയ്യുക. സഫാ മര്വയുടെ ഇടയിൽ അടയാളപ്പെടുത്തിയ സ്ഥലത്തുവെച്ചു ഓടിനടക്കുന്നതും ഈയവസരങ്ങളിൽ ഇങ്ങനെ പ്രാര്ത്ഥിക്കുന്നതും സുന്നത്താണ്.

رَبِّ اغْفِرْ وَارْحَمْ وَاهْدِنِى السَّبِيلَ الْأَقْوَمَ

(രക്ഷിതാവേ! പൊറുക്കുകയും, കരുണ ചെയ്യുകയും, ഋജുമാര്ഗ്ഗത്തിൽ ചേര്ത്തുതരികയും വേണമേ!)

ഇതെല്ലാം നബി (സ) പ്രാര്ത്ഥിച്ചതായി ഹദീസുകളിൽ വന്നിട്ടുള്ളതാണ്.

ഉംറ മാത്രം ചെയ്യുന്ന ആറംക്ക് (ശ്രീകം) പ്രസ്തുത ഓട്ടത്തിനുശേഷം മുടി വടിക്കുകയോ വെട്ടുകയോ ചെയ്തുകൊണ്ട് ഹലാലാകാവുന്നതാണ്. അല്ലാത്തവർ ദുൽഹജ്ജ് 8-ാം ദിവസം (ഇതിനു 'യൗമുത്തര്വിയത്ത്' എന്നു പറയും)വരെ ഇഹ്റാമിന്റെ ചിട്ടകൾ പാലിച്ചുകൊണ്ട് മക്കയിൽതന്നെ കഴിച്ചുകൂട്ടണം.

ഹജ്ജും ഉംറയും ഒന്നായി ചെയ്യുന്നവർക്ക് قران അറഫയിൽനിന്നു മടങ്ങിവന്ന് ചെയ്യുന്ന തവാഫിന്റെ ശേഷം രണ്ടാമത് ഓട്ടം വേണ്ടതില്ല. ആദ്യം ഉംറ ചെയ്ത് ഹലാലായവനും (متمتع) ഹജ്ജിന്നുമാത്രം ഇഹ്റാം ചെയ്തവനും (مفرد) തവാഫുൽ ഇഫാസത്തിന്നു ശേഷം 'സഅ്‌യ്' ചെയ്യണം.

## മിനായിലേക്ക്

ദുൽഹജ്ജ് എട്ട് ഉച്ചക്കു മുമ്പായി ഹാജിമാരെല്ലാം മിനായിലേക്ക് പുറപ്പെടേണ്ടതാണ്. ഹജ്ജും, ഉംറഃയും ഒന്നായി ചെയ്യുന്നവരും ഒന്നാമതായി ഹജ്ജിന്നു ഇഹ്റാം ചെയ്തവരും തങ്ങളുടെ അതേ ഇഹ്റാമോടു കൂടിതന്നെ പുറപ്പെടണം. ഉംറ ചെയ്ത് ഹലാലായവരാണെങ്കിൽ താമസസ്ഥലത്തുവെച്ച് ഹജ്ജിന്നായി ഇഹ്റാം കെട്ടിക്കൊണ്ട് പുറപ്പെടേണ്ടതാണ്. മിനായിലേക്കുള്ള യാത്രയിൽ തൽബിയത്തും ദുആയും അധികമധികം ചെയ്യുന്നത് സുന്നത്താണ്. മിനായിൽ എത്തിയശേഷം യാത്ര നിർത്തുന്നതും അന്നവിടെ താമസിക്കുന്നതുമൊണല്ലാം. അന്നത്തെ ളുഹ്റും അസ്റും മഗ്രിബും ഇശായും ഒമ്പതാം ദിവസത്തെ സുബ്ഹി നമസ്കാരവും അവിടെവെച്ച് നിർവ്വഹിക്കേണ്ടതാണ്. സുബ്ഹിനമസ്കാരം കഴിഞ്ഞു സൂര്യനുദിച്ചശേഷമാണ് മിനാ വിടേണ്ടത്. മിനായിലേക്കുള്ള ഈ യാത്രയും അവിടത്തെ രാപാർക്കലും സുന്നത്താകയാൽ അവ വിട്ടുപോയാൽ പ്രായശ്ചിത്തം വേണ്ടതില്ല.

### അറഫയിലേക്ക്

ഒമ്പതാം ദിവസത്തെ സൂര്യനുദിച്ചശേഷം മിനാ യിൽനിന്നു അറഫയിലേക്കുള്ള യാത്ര തുടങ്ങുന്നതാണ്. 'സബ്ബ്' (ضب) റോഡ് വഴി 'നമിറ' (نمرة) എന്ന സ്ഥലത്ത് എത്തിയാൽ യാത്ര നിൎത്തി അവിടെ വിശ്ര മിക്കുന്നു. യാത്രയിൽ തഹ്ലീലും തൽബിയത്തും തക ബീറും യഥേഷ്ടം ചൊല്ലാവുന്നതാണ് എന്നു ബുഖാരി (റ) നിവേദനം ചെയ്തിട്ടുണ്ട്. നമിറയിൽ എത്തുന്ന തിന്നുമുമ്പ് കുളിക്കുന്നത് നല്ലതാണ്. നമിറയിൽനിന്നു ഉച്ച തിരിഞ്ഞശേഷം അറഫയിലേക്കു പുറപ്പെടേണ്ട താണ്. അറഫയുടെ അതിൎത്തിയായ عرنة താഴ്വര യിൽവെച്ച് ളുഹ്റും അസറും ജംആയും ഖസ്റായും നമസ്കരിക്കേണ്ടതുമാണ്. അങ്ങിനെയാണ് നബി (സ) ഹജ്ജത്തുൽ വദാഇൽ ചെയ്തിട്ടുള്ളത്.

### അറഫയിലെ നിൎത്തം

ഹജ്ജിൻെറ ഫർസുകളിൽ വളരെ പ്രധാനപ്പെട്ട താണ് അറഫയിൽ നില്ക്കൽ. അറഫയിൽ നില്ക്കാത്ത ആരുടെയും ഹജ്ജ് സാധുവല്ല.

عن عبد الرحمن ابن يعمر ان رسول الله صلى الله عليه وسلم أمر منادياً ينادى الحج عرفة من جاء ليلة جمع قبل طلوع الفجر فقد أدرك

(നബി (സ) ഒരാളോട് ഇങ്ങിനെ (വിളിച്ചുപറയാൻ) ആജ്ഞാപിച്ചു: ഹജ്ജ് അറഫയാണ്. മുസ്ദ

ലിഫയിൽ കഴിച്ചുകൂട്ടേണ്ടരാത്രിയിൽ (പെരുന്നാൾരാവ്) പ്രഭാതോദയത്തിനു മുമ്പായി വല്ലവനും അറഫയിൽ എത്തിയാൽ അയാൾക്ക് ഹജ്ജ് ലഭിച്ചു.)

## സമയവും സ്ഥലവും

അറഫയിൽ നില്ക്കേണ്ട സമയം ദുൽഹജ്ജ് ഒമ്പതാം ദിവസം ഉച്ച തിരിഞ്ഞതു മുതൽ പത്താം ദിവസം പ്രഭാതത്തിന്നിടയിലാണ്. അറഫ എന്ന പേരിൽ പ്രസിദ്ധപ്പെട്ട സ്ഥലത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് നിന്നാൽ മതി. നില്ക്കുക എന്നതിന്റെ ഉദ്ദേശം അവിടെ ഹാജരുണ്ടാവുകയാണ്. അവിടെ നിന്നോളണമെന്നില്ല. ഇരുന്നും കിടന്നും വാഹനത്തിലും അല്ലാതെയും യഥേഷ്ടം എല്ലാ നിലക്കും സ്ഥിതിചെയ്യാവുന്നതാണ്.

## സുന്നത്തുകൾ

വുസു, കുളി, നമിറയിൽ ഇറങ്ങൽ, നിത്തത്തിൽ ദിക്റും ദുആയും ചൊല്ലൽ, പ്രാർത്ഥനയിൽ രണ്ടു കൈകൾ ഉയർത്തിപ്പിടിക്കൽ, നബിതിരുമേനി നിന്ന സ്ഥലമായ 'സഖിറാത്തി' (صخرات)ന്നരികിൽ (സൗകര്യമുണ്ടെങ്കിൽ) നില്ക്കൽ, വിനയം, കീഴ്‌വണക്കം, ദൈവഭയം, ഹൃദയ സാന്നിദ്ധ്യം എന്നിവ ഉണ്ടായിരിക്കൽ—ഇവയെല്ലാം അറഫായിൽ പാലിക്കേണ്ട സുന്നത്തുകളാണ്. നബി (സ) ഈ അവസരത്തിൽ പ്രാർത്ഥിച്ചതായി നിവേദനം ചെയ്യപ്പെട്ട ചില പ്രാർത്ഥനകൾ കാണുക:

عن علي رضي الله عنه: قال أكثر دعاء النبي صلعم يوم عرفة

في الموقف اللهم لك الحمد كالذي نقول وخيرا مما نقول

اللهم لك صلاتي ونسكي ومحياي ومماتي واليك مآبي ولك

رب تراثي اللهم اني اعوذبك من عذاب القبر ووسوسة الصدر

وشتات الامر اللهم اني اعوذبك من شر ما تهب به الريح (ترمذی)

(അറഫയിലെ നിത്തത്തിൽ നബി(സ)യുടെ അധിക പ്രാൎത്ഥനയും ഇങ്ങനെയായിരുന്നു: "അല്ലാഹുവെ! ഞങ്ങളം പറയുന്നതും അതിലുപരിയായുള്ളതുമായ സ്തുതി നിനക്കാണ്. അല്ലാഹുവെ! എൻെറ പ്രാൎത്ഥനയും ത്യാഗവും ജീവിതവും മരണവുമെല്ലാം നിനക്കുള്ളതാണ്. എൻെറ മടക്കം നിന്നിലേക്കാണ്. നാഥാ! എൻെറ സമ്പാദ്യവും നിനക്കാണ്. അല്ലാഹുവെ! ഖബറിലെ ശിക്ഷയിൽനിന്നും മനശ്ശല്യത്തിൽനിന്നും കാൎയ്യങ്ങളുടെ ചിത ച്ച്രയിൽനിന്നും നിന്നോടു ഞാൻ അഭയം തേടുന്നു. അല്ലാഹുവെ! കാററിൻെറ പ്രവാഹത്താലുണ്ടാവുന്ന നാശത്തിൽനിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു!)

عن عمرو بن شعيب عن ابيه عن جده قال: كان اكثر دعاء

النبي صلعم يوم عرفة لا اله الا الله وحده لا شريك له له

الملك وله الحمد بيده الخير وهو على كل شيئ قدير

(احمد، ترمذي)

(അറഫഃദിവസത്തിൽ നബി(സ)യുടെ പ്രാൎത്ഥന മിക്കവാറും ഇതായിരുന്നു: "ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവല്ലാതെ ഇലാഹില്ല. അവനുള്ളതാണ്

സ്തുതി. അവന്റേതാണ് ആധിപത്യം. അവന്റെ കയ്യിലാകുന്നു നന്മ. അവൻ സർവ്വത്തിനും കഴിവുള്ളവനാണ്.")

## മുസ്ദലിഫയിലേക്ക്

ദുൽഹജ്ജ് ഒമ്പതാംദിവസം സൂര്യാസ്തമനത്തോടെ അറഫയിൽനിന്നു മുസ്ദലിഫയിലേക്ക് പുറപ്പെടുന്നു. ഈ യാത്ര വളരെ ശാന്തമായിരിക്കണം. ഇതിലും തൽബിയത്തും ദിക്റും മററും സുന്നത്താണ്. മുസ്ദലിഫയിൽ എത്തിയശേഷം മഗ്രിബോടൊപ്പം, ഇശാ നിസ്കാരം രണ്ടു റക്അത്തായി ചുരുക്കി നിസ്കരിക്കുകയും പ്രഭാതംവരെ അവിടെ കഴിച്ചുകൂട്ടുകയും വേണം. പ്രഭാതമായ ഉടനെ സുബ്ഹി നിസ്കാരം കഴിച്ചു മുസ്ദലിഫായിൽനിന്നു 'മശ്അറുൽ ഹറാം' എന്ന സ്ഥലത്തേക്ക് പുറപ്പെടേണ്ടതും നേരം നല്ലവണ്ണം പുലരുന്നതുവരെ അവിടെ നില്ക്കേണ്ടതുമാണ്. സൂര്യോദയത്തിന്നു മുമ്പായി അവിടം വിടുകയും ചെയ്യണം:

فَإِذَا أَفَضْتُم مِّنْ عَرَفَاتٍ فَاذْكُرُوا اللَّهَ عِندَ الْمَشْعَرِ الْحَرَامِ
(القرآن)

(നിങ്ങൾ അറഫയിൽനിന്നു പുറപ്പെട്ടാൽ 'മശ്അറുൽ ഹറാമി'ൽവെച്ച് അല്ലാഹുവെ സ്മരിക്കുക.)

മുസ്ദലിഫായിലെ താമസം വാജിബാണ്. അതു ഉപേക്ഷിച്ചാൽ പ്രായശ്ചിത്തം കൊടുക്കണം. നില്ക്കുക എന്നതിന്റെ അർത്ഥം അറഫയിലേതുപോലെ അവിടേയും ഹാജരുണ്ടായിരിക്കുക എന്നാണ്.

## പത്താംദിവസം (പെരുന്നാൾ)

ദുൽഹജ്ജ് പത്തിന്നാണ് 'യൗമുന്നഹ്ർ' എന്നു പറയുന്നത്. അന്നു ഒരു ഹാജിക്ക് താഴെ പറയുന്ന പ്രവൃത്തികൾ ചെയ്യാനുണ്ട്:

(1) കല്ലേറിയൽ. (2) ബലി നടത്തൽ. (3) മുടി കളയൽ, അല്ലെങ്കിൽ മുടി മുറിക്കൽ. (4) തവാഫുൽ ഇഫാസ: (അറഫയിൽനിന്നു മടങ്ങിയശേഷം ചെയ്യേണ്ട ഫർസായ തവാഫ്) ഈ പ്രവൃത്തികൾ മുൻവിവരിച്ച ക്രമമനുസരിച്ച ചെയ്യുന്നതാണ് സുന്നത്ത്. എന്നാൽ ഇതിൽ ഏതെങ്കിലും ഒന്നു മറ്റൊന്നിനേക്കാൾ മുന്തു കയോ പിന്തുകയോ ചെയ്താൽ വിരോധമൊന്നുമില്ല. ഇവയെ പററിയുള്ള വിശദീകരണം ചുവടെ കൊടുക്കുന്നു.

## ഒന്നാമത്തെ വിരാമം (തഹല്ലുൽ)

ദുൽഹജ്ജ് പത്താംദിവസം മേൽപറഞ്ഞ പ്രകാരം മുസ്ദലിഫയിൽനിന്നു മശ്അറുൽ ഹറാം വഴി മിനായിൽ എത്തിയശേഷം ജംറത്തുൽ അഖബായിൽ ഏഴു കല്ലുകൾ എറിയേണ്ടതാണ്. ഈ ദിവസത്തെ കല്ലേറിന്റെ സമയം 'സുഹാ'(പൂർവ്വാഹ്നം)യാണ് കല്ലെ റിഞ്ഞ്ശേഷം മുടി വടിക്കുകയോ വെട്ടിക്കുകയോ ചെയ്തു കഴിഞ്ഞാൽ ഇഹ്റാമിന്റെ പേരിൽ വിരോധിക്കപ്പെട്ട കാര്യങ്ങളിൽ സംഭോഗമല്ലാത്തതെല്ലാം അനുവദനീയ മായി. അതുകൊണ്ട് സാധാരണ വസ്ത്രം ധരിക്കുക, തലമറക്കുക മുതലായവയെല്ലാം ചെയ്യാവുന്നതാണ്. ഈ വിരാമത്തിന്നു 'അത്തഹല്ലുലുൽ അവ്വൽ' എന്നു പറയുന്നു.

സൗകര്യപ്പെടുന്നപക്ഷം പത്താം ദിവസംതന്നെ 'തവാഫുൽ ഇഫാസത്തും' ചെയ്യാം. എന്നാൽ പിന്നെ

ഇഹ്റാമിൻെറ പേരിലുള്ള എല്ലാ വിരോധങ്ങളും അവസാനിച്ചു. ഈ തവാഫു നാം ആദ്യം പറഞ്ഞതുപോലെ ഫർസാകുന്നു. കല്ലേറ്, മുടി മുറിക്കുക എന്നിവ വാജിബാണ്. അവ വിട്ടുപോവുന്നപക്ഷം ബലികർമ്മം നടത്തിയാൽ മതിയാവുന്നതാണ്.

## കല്ലേറ്

പത്താം ദിവസത്തെ കല്ലേറ് ഉച്ചക്കുമുമ്പാണെന്നു പറഞ്ഞുവല്ലോ. ഇനി പതിനൊന്നും പന്ത്രണ്ടും പതിമൂന്നും തിയ്യതികളിലും കല്ലെറിയൽ വാജിബാണ്. അത് ഉപേക്ഷിച്ചാൽ പ്രായശ്ചിത്തം നല്കേണ്ടതാണ്. ഈ മൂന്നു ദിവസങ്ങളിലും ജംറത്തുൽ ഊലാ, ജംറത്തുൽ വുസ്ത്വാ, ജംറത്തുൽ അഖബഃ എന്നീ മൂന്നു സ്ഥലങ്ങളിൽ ഓരോ സ്ഥലത്തും ഏഴുവീതം കല്ലുകൾ എറിയണം. അപ്പോൾ പത്താം ദിവസത്തെ ഏഴ് കല്ലുകളടക്കം നാല് ദിവസങ്ങളിലായി എഴുപതുകല്ലുകൾ എറിയേണ്ടതാണ് 'അയ്യാമുത്തശ്‌രീഖി'ലെ അവസാനദിവസമായ പതിമൂന്നാം ദിവസത്തെ കല്ലേറുപേക്ഷിച്ച് സ്ഥലം വിടാനാഗ്രഹിക്കുന്നവർക്ക് അങ്ങിനെ ചെയ്യാവുന്നതാണ്. അല്ലാഹു പറയുന്നത് കാണുക:

وَاذْكُرُوا اللّٰهَ فِي أَيَّامٍ مَعْدُودَاتٍ فَمَنْ تَعَجَّلَ فِي يَوْمَيْنِ فَلَا إِثْمَ عَلَيْهِ وَمَنْ تَأَخَّرَ فَلَا إِثْمَ عَلَيْهِ لِمَنِ اتَّقَىٰ-

(നിശ്ചിത ദിവസങ്ങളിൽ മിനായിൽവെച്ച് അല്ലാഹുവിനെ സ്മരിക്കുക. ഒരാൾ തിരക്കിട്ട് ഒരു ദിവസം മുമ്പ് പുറപ്പെടുന്നതായാലും (അതുംകൂടി പൂർത്തിയാക്കുവാനായി) പിന്തിനില്ക്കുന്നതായാലും ഭയഭക്തിയുള്ളവരെ സംബന്ധിച്ചിടത്തോളം രണ്ടും തെറ്റല്ല.)

KOTTAYAM PUBLIC LIBRARY KOTTAYAM

എന്നാൽ ഇങ്ങിനെ ഒരു ദിവസംമുമ്പ് സ്ഥലം വിടുന്ന ആൾ എറിയേണ്ട കല്ലുകളുടെ എണ്ണം നാല്പത്തൊമ്പതായി ചുരുങ്ങുന്നതായിരിക്കും. അയ്യാമുത്തശ്‌രീഖിൽ (11, 12, 13 എന്നീ ദിവസങ്ങളിൽ) കല്ലെറിയേണ്ട സമയം ഉച്ചക്ക് ശേഷമാണ്. കാരണത്തോട് കൂടിയാണെങ്കിൽ പ്രസ്തുത ദിവസങ്ങളിൽ രാത്രി കല്ലെറിയുന്നതുകൊണ്ടും, പത്താംദിവസത്തെ ഏറ് ഉച്ചക്കുശേഷമായിപ്പോകുന്നതുകൊണ്ടും വിരോധമില്ല.

സ്ത്രീകൾക്കും, ശേഷിയില്ലാത്തവർക്കും പ്രത്യേക കാരണങ്ങളുള്ളവർക്കും മുസ്ദലിഫഃയിലെ താമസം ഉപേക്ഷിച്ച് മിനായിൽവന്നു രാത്രി പന്ത്രണ്ടു മണിക്കുശേഷം കല്ലെറിയാവുന്നതാണ്. അങ്ങിനെ നബി(സ) അനുവദിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്. പത്താം ദിവസത്തെ കല്ലെറിയുന്നതോടുകൂടി തൽബിയത്ത് നിർത്തേണ്ടതാണ്. ഈ ഏറുകൾക്കെല്ലാമുള്ള കല്ല് മുസ്ദലിഫായിൽനിന്നും എടുക്കുകയാണ് നല്ലത്. അവ ചെറിയ ചരക്കല്ലുകളായിരിക്കണം.

## കല്ലേറിന്റെ ക്രമം

11, 12, 13 എന്നീ ദിവസങ്ങളിൽ ആദ്യമായി ജംറത്തുൽ ഊലായിലും പിന്നെ അതിന്നടുത്തുള്ള ജംറത്തുൽ വുസ്ത്വായിലും അതിന്നുശേഷം ജംറത്തുൽ അഖബായിലും എറിയേണ്ടതാണ്. ഇതാണ് നബി(സ)യിൽ നിന്നു തെളിഞ്ഞ ക്രമം. ജംറകളിൽ കല്ലെറിയുമ്പോൾ തക്ബീർ ചൊല്ലുന്നതും ഏറുകഴിഞ്ഞശേഷം ഖിബ്‌ലക്കു തിരിഞ്ഞുനിന്നു കൈ ഉയർത്തി പ്രാർത്ഥിക്കുന്നതും സുന്നത്താണ്. ജംറത്തുൽ അഖബായിൽ എറിഞ്ഞശേഷം നിന്നു പ്രാർത്ഥിക്കേണ്ടതില്ല. രോഗം മുതലായ കാരണ

ങ്ങളാൽ കല്ലെറിയുവാൻ കഴിവില്ലാത്തവർക്കുവേണ്ടി മറെറാരാറം എറിഞ്ഞാൽ മതിയാകുന്നതാണ്.

## മിനായിലെ രാത്രികറം

ദുൽഹജ്ജ് 11, 12, 13 എന്നീ ദിവസങ്ങളിലെ രാത്രികളിൽ മിനായിൽ താമസിക്കൽ ഹജ്ജിലെ നിർബ്ബന്ധകാര്യമാണ്. പതിമൂന്നാം ദിവസത്തെ കല്ലുകറം എറിയാതെ മടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പന്ത്രണ്ടാം ദിവസത്തെ ഏറുംകഴിഞ്ഞു മടങ്ങാവുന്നതാണ്. 11, 12 എന്നീ ദിവസങ്ങളിലെ കല്ലെറിയലും രാത്രി താമസിക്കലും ഉപേക്ഷിച്ചാൽ പ്രായശ്ചിത്തം നല്കേണ്ടതാണ്.

ദുൽഹജ്ജ് പത്താം ദിവസം ജംറത്തുൽ അഖബായിൽ എറിഞ്ഞശേഷം ഇഫാസത്തിൻെറ തവാഫ് ചെയ്യാനുദ്ദേശിക്കുന്നവർ ആ തവാഫിനുശേഷം സഫാ മർവായുടെ ഇടയിലുള്ള ഓട്ടവും നടത്തേണ്ടതാണ്. ഹജ്ജും ഉംറയും ഒപ്പം ചെയ്യുന്നവർ തവാഫുൽ ഖുദൂമിനുശേഷം സഅ്യ് ചെയ്തിട്ടുണ്ടെങ്കിൽ ഈ ഓട്ടത്തിൻെറ ആവശ്യമില്ലെന്നു മുമ്പ് പറഞ്ഞത് ഇവിടെ സ്മരണീയമാണ്.

തവാഫും സഅ്യും കഴിഞ്ഞശേഷം മിനായിലെ രാപ്പാർക്കലിന്നു അവിടെ എത്തേണ്ടതാണ്. യാത്രാവിഷമതയും മററും നിമിത്തം ഇത് ബുദ്ധിമുട്ടായിത്തോന്നുന്നവർക്ക് താവാഫുൽ ഇഫാസത്തും സഅ്യും മിനായിലെ താമസം കഴിഞ്ഞശേഷം ചെയ്യാവുന്നതാണ്. അതായത്, പന്ത്രണ്ടാം ദിവസത്തെ കല്ലേറു നടത്തി മടങ്ങുന്നവർക്ക് അന്നും പതിമൂന്നാം ദിവസവുംകൂടി കല്ലെറിഞ്ഞു വരുന്നവർക്ക് അന്നും തവാഫും സഅ്യും

ചെയ്താൽ മതിയാവും. ഇങ്ങിനെ ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. തവാഫുൽഇഫാളത്തും സഅ്‌യും ചെയ്തുകഴിഞ്ഞാൽ ഇഹ്റാമിന്റെ എല്ലാ വിധിവിലക്കുകളും അവസാനിച്ചു. ഇതിനാണ് "അത്തഹല്ലുലുസ്സാനീ" എന്നു പറയുന്നത്.

## ഹദ്‌യ് (ബലിയറുക്കൽ)

അല്ലാഹുവിനോടുള്ള അടുപ്പം ഉദ്ദേശിച്ചുകൊണ്ട് ഹറമിൽവെച്ച് ഒട്ടകം, പശു, ആട് എന്നിവയിൽ സാധ്യമായത് അറുത്തു ദാനം ചെയ്യുന്നതിന്നാണ് 'ഹദ്‌യ്' എന്നു പറയുന്നത്. പരിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക:

وَالْبُدْنَ جَعَلْنَاهَا لَكُمْ مِنْ شَعَائِرِ اللَّهِ لَكُمْ فِيهَا خَيْرٌ فَاذْكُرُوا اسْمَ اللَّهِ
عَلَيْهَا صَوَافَّ فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا مِنْهَا وَأَطْعِمُوا
الْقَانِعَ وَالْمُعْتَرَّ كَذَٰلِكَ سَخَّرْنَاهَا لَكُمْ لَعَلَّكُمْ تَشْكُرُونَ لَنْ يَنَالَ
اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَٰكِنْ يَنَالُهُ التَّقْوَىٰ مِنْكُمْ (الحج)

(ഒട്ടകത്തെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ (അനുസരണ) ചിഹ്നങ്ങളിൽ പെടുത്തിയിരിക്കുന്നു. അതിൽ നിങ്ങൾക്ക് നന്മയുണ്ട്. അതിനാൽ അവ അണിയണിയായിരിക്കവെ ദൈവനാമത്തിൽ നിങ്ങൾ അറുക്കുക; അങ്ങിനെ അവ മരണപ്പെട്ടുവീണാൽ നിങ്ങൾ അതിൽനിന്നു ഭക്ഷിക്കുക. കൂടാതെ, ആവശ്യ

പ്പെടുന്നവക്കും ദരിദ്രക്കും മാംസം നല്കുകയും ചെയ്യൂ. നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാൻ നാം നിങ്ങൾക്കതിനെ അപ്രകാരം കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. എന്നാൽ നിങ്ങളുടെ തഖ്‌വയല്ലാതെ അതിന്റെ മാംസമോ രക്തമോ അല്ലാഹുവിന്നു എത്തുന്നതല്ല.)

ഈ വാക്യങ്ങളിൽനിന്നു് ഹദ്‌യിന്റെ പ്രാധാന്യവും ഉദ്ദേശ്യവും സുവ്യക്തമാണ്. ഇനി അതിന്റെ നിയമപരമായ വശത്തെക്കുറിച്ചാണ് അല്പം പറയാനുള്ളത്. ഒരാൾക്ക് തന്റെ കഴിവനുസരിച്ചു ഒട്ടകത്തെയോ, പശുവിനെയോ, ആട്ടിനെയോ എത്ര വേണമെങ്കിലും ബലികൊടുക്കാം. ചുരുങ്ങിയാൽ ഒരാൾ ഒരാടും, ഒട്ടകമോ പശുവോ ആണെങ്കിൽ അതിന്റെ ഏഴിൽ ഒരു ഭാഗവുമാണ് ബലികൊടുക്കേണ്ടത്.

قَالَ جَابِرٌ: حَجَجْنَا مَعَ رَسُولِ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ فَنَحَرْنَا الْبَعِيرَ عَنْ سَبْعَةٍ وَالْبَقَرَةَ عَنْ سَبْعَةٍ (احمد ومسلم)

(ഞങ്ങൾ നബി(സ)യോടൊപ്പം ഹജ്ജ് ചെയ്തു. അന്നു ഏഴാൾക്കുവേണ്ടി ഒരൊട്ടകത്തെയും ഏഴാൾക്കുവേണ്ടി ഒരു പശുവിനെയുമാണ് ഞങ്ങൾ ബലിയറുത്തത്.)

## ഹദ്‌യിന്റെ വകുപ്പുകൾ

ബലി രണ്ടുവകുപ്പാകുന്നു: ഒന്നു, നിർബ്ബന്ധം, മറേറത് സുന്നത്ത്.

താഴെ പറയുന്നവരുടെ മേലാണ്, ഹദ്‌യ് നിർബ്ബന്ധം:

1 ഹജ്ജും ഉംറയും ഒന്നായി നിർവ്വഹിക്കുന്ന 'ഖാറിൻ';

2 ആദ്യം ഉംറചെയ്തു ഹലാലായശേഷം പിന്നെ ഹജ്ജ് ചെയ്യുന്ന 'മുതമത്തിഅ്';

3 മൂന്നു ജംറകളിൽ കല്ലെറിയുക, അറഫയിലെ നിൽത്തത്തിൽ രാപ്പകലുകൾ ഒരുമിച്ചുകൂട്ടുക * മുസ്ദലിഫായിലും മിനായിലും രാത്രി താമസിക്കുക, മക്ക വിട്ടുമ്പോഴുള്ള തവാഫ് (طواف الوداع) ചെയ്യുക തുടങ്ങി ഹജ്ജിൻെറ വാജിബുകളിൽ വല്ലതും വിട്ടുകളയുന്നവൻ;

4 ഇഹ്റാമോടുകൂടി വിരോധിക്കപ്പെട്ട കാര്യങ്ങളിൽ വല്ലതും ചെയ്യുന്നവൻ; (ഇതിൽ സംഭോഗം ചെയ്തുപോയാൽ ഹജ്ജ് ബാത്തിലാണെന്നും, അതിന്ന് ബലി മതിയാവുകയില്ലെന്നും മററും മുമ്പ് പറഞ്ഞത് ഇവിടെ സ്മരണീയമാണ്.)

5 ഹറമിലെ വല്ല മരമോ ചെടിയോ മുറിച്ചവൻ; കൊല്ലുവാൻ പാടില്ലാത്ത വല്ല ജീവിയേയും കൊല്ലുന്നവൻ;

6 ഹദ്‌യിനെ നേർച്ചയാക്കിയവൻ.

മേൽപറഞ്ഞ ആറു കാരണങ്ങളാലാണ് ഹദ്‌യ് നിർബ്ബന്ധമായിത്തീരുക.

ആദ്യമായി ഹജ്ജ് മാത്രമോ ഉംറ മാത്രമോ ചെയ്യുന്നവർക്ക് ഹദ്‌യ് സുന്നത്തേയുള്ളു.

---

(*) ഇമാം ശാഫിയുടെ അഭിപ്രായത്തിൽ ഇതു സുന്നത്താണ്.

## ബലിയറുക്കേണ്ട മൃഗം

അറുത്തുകൊടുക്കുന്ന മൃഗം ഒരു വയസ്സുള്ള കോലാടോ ആറു മാസം പ്രായംചെന്ന തടിയുള്ള നെയ്യാടോ ആയിരിക്കണം ഒട്ടകമാകുമ്പോൾ അഞ്ചു വയസ്സും പശുവാണെങ്കിൽ രണ്ടു വയസ്സും പ്രായം ചെന്നിരിക്കണം. രോഗമോ മററുവല്ല കുറവുകളോ ഉള്ളതായിരിക്കുവാൻ പാടില്ല.

ഹദ്‌യറുക്കേണ്ടത് പെരുന്നാൾദിവസം (ദുൽഹജ്ജ് പത്ത്)ആണ്. 11, 12, 13 എന്നീ ദിവസങ്ങളിലാവുന്നതിനും തരക്കേടില്ല.

قال رسول الله صلى الله عليه وسلم وكل ايام التشريق ذبح

(احمد)

("തശ്‌രീഖ് ദിവസങ്ങളിലെല്ലാം അറുക്കാം" എന്നു നബി(സ) പറഞ്ഞിരിക്കുന്നു.) മിനായിൽ എവിടെവെച്ചും അറുക്കാവുന്നതാണെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

ഉംറഃ ചെയ്തശേഷം അറുക്കുന്നത് മർവയിൽ വെച്ചായിരിക്കണം. അറവുകാരൻെറ പ്രതിഫലം ബലിമൃഗത്തിൽനിന്നു കൊടുക്കുവാൻ പാടുള്ളതല്ല.

## മുടി മുറിക്കൽ

പത്താം ദിവസം ജംറത്തുൽഅഖബായിൽ കല്ലെറിഞ്ഞശേഷം മുടി വടിക്കുകയോ വെട്ടുകയോ ചെയ്യാം. അങ്ങിനെ ചെയ്തുകഴിഞ്ഞാൽ ഒന്നാമത്തെ 'തഹല്ലുൽ'

(മോചനം) ആയെന്നു നാം മുമ്പ് പറഞ്ഞുവല്ലോ. എന്നാൽ ഈ മുടിവടിക്കൽ അല്ലെങ്കിൽ മുടി വെട്ടൽ ഇമാം ശാഫി (റ) യുടെ അഭിപ്രായപ്രകാരം ഫർസ്സ് ആണ്. അതുപേക്ഷിച്ചാൽ തെണ്ടംകൊട്ടത്താൽ മതിയാവുകയില്ല. ഭൂരിപക്ഷം ഉലമാഇൻെറയും അഭിപ്രായത്തിൽ അത് വാജിബും തെണ്ടംകൊട്ടത്താൽ മതിയാവുന്നതുമാണ്. തലമുടി വടിക്കുന്നതിന്ന 'ഹൽഖ്' എന്നും കത്രിക്കുന്നതിന്ന 'തഖ്സീർ' എന്നും പറയുന്നു. ഇത് രണ്ടിൽവെച്ച് വടിക്കുകയാണുത്തമം. ആദ്യം വലതുഭാഗവും പിന്നെ ഇടതുഭാഗവും മുഴവനായി വടിക്കുകയാണ് സുന്നത്ത്. അങ്ങിനെ വടിച്ചശേഷം ഖിബ്ലയുടെനേരെ തിരിഞ്ഞു തക്ബീറും സലാത്തും ചൊല്ലുന്നത് നല്ലതാണ്. സ്ത്രീകൾക്ക് മുടി വടിക്കുവാൻ പാടില്ല. അവർ അല്പം വെട്ടിയാൽ മതി.

## 'തവാഫുൽ ഇഫാസഃ'

മുമ്പ് പറഞ്ഞപോലെ തവാഫുൽഇഫാസത്ത്' (അറഫയിൽനിന്നു മടങ്ങിയ ശേഷമുള്ള തവാഫ്) ഹജ്ജിൻെറ ഫർസുകളിൽ ഒന്നാണല്ലോ, അപ്പോൾ അത് കൂടാതെ ഹജ്ജ് സാധുവാകുന്നതല്ല. ഇതിൽ ഉലമാഇന്നിടയിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല.

തവാഫുൽഇഫാസത്തിൻെറ സമയം പത്താം ദിവസം 12മണിമുതൽ ആരംഭിക്കുന്നുവെന്നാണ് ഇമാം ശാഫി(റ)യുടെയും ഇമാം അഹമദി(റ)ൻെറയും പക്ഷം. സ്ത്രീകളാകുമ്പോൾ മേൽപറഞ്ഞ സമയം ആയ ഉടനെ ചെയ്യുന്നതായാൽ ശേഷം ആർത്തവം മുതലായവയുണ്ടായാൽ വിഷമിക്കേണ്ടി വരികയില്ല. തവാഫുൽഇഫാ

സത്തിൻെറ ഉത്തമസമയം പത്താംദിവസം ഉച്ചക്കശേഷമാണ്. അന്നു ചെയ്യുവാൻ ഉദ്ദേശിക്കാത്തവക്ക് 11, 12, 13 എന്നീ ദിവസങ്ങളിൽ ഏതായാലും ചെയ്യാം. എന്നു മാത്രമല്ല ദുൽഹജ്ജ്മാസം അവസാനിക്കുന്നതുവരെ അതിൻെറ സമയം നീണ്ടുനില്ക്കുന്നതുമാണ്.

തവാഫിനെ സംബന്ധിച്ച മററു കാര്യങ്ങൾ മുമ്പു വിവരിച്ചതിനാൽ ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല. ഹജ്ജ്കർമ്മത്തിലെ വ്യവസ്ഥ പരിഗണിച്ചാണിവിടെ അത് വീണ്ടും പറയേണ്ടിവന്നത്.

തവാഫുൽഇഫാസത്തിൻെറ ശേഷം സഅ്യ് ചെയ്യൽസംബന്ധിച്ച കാര്യങ്ങളും മുമ്പ് വിശദീകരിച്ചിട്ടുണ്ട്. അതും ഇവിടെ ആവർത്തിക്കുന്നില്ല.

### ഉംറഃ *

ഇഹ്റാം, തവാഫ് സഅ്യ്, മുടിമുറി എന്നീ നിർബ്ബന്ധകാര്യങ്ങളിലെല്ലാം ഹജ്ജും, ഉംറയും ഒരുപോലെയാണ്. ഉംറയാകുമ്പോൾ ഇഹ്റാമിൽ ഉംറയെന്നു കരുതുകയും لبيك اللهم بعمرة എന്നു തൽബിയത്തു ചൊല്ലുകയുമാണ് വേണ്ടത്. ഹജ്ജും ഉംറയും ഒന്നായി ചെയ്യുന്നവക്ക് ഉംറയുടെ പ്രവൃത്തികൾ പ്രത്യേകിച്ച ചെയ്യേണ്ടതില്ല. ഒരേ പ്രവൃത്തികൊണ്ട് രണ്ടും സാധിക്കുന്നതാണ്. ഹജ്ജ് മാത്രം ചെയ്യുന്നവക്ക് അതു കഴിഞ്ഞു ഹറമിൻെറ പുറത്ത് തൻഈമിലോ മറേറാ പോയി ഇഹ്റാം ചെയ്തു ഉംറഃ ചെയ്യാവുന്നതാണ്.

ഉംറഃ നിർബ്ബന്ധമോ സുന്നത്തോ എന്ന വിഷയത്തിൽ ഇമാമുകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇമാം അബൂഹനീഫ, ഇമാം മാലിക്ക് എന്നിവർ സുന്നത്താണെന്നും ഇമാം ശാഫിയും ഇമാം അഹ്മദും

---

* 'അറഫായിൽ നില്ക്കുക' എന്ന ഫർസ് മാത്രമെ ഹജ്ജിന്നു കൂടുതലായുള്ളു. ബാക്കി നാലു ഫർസുകളിലും ഹജ്ജും, ഉംറയും സമമാണ്.

നിർബ്ബന്ധമാണെന്നും പറയുന്നു. ഉംറഃ ഒരു കൊല്ലത്തിൽ ഒന്നിലധികം ചെയ്യാവുന്നതാണ്. ഉംറഃ ചെയ്യുന്നത് ഹജ്ജിന്നു മുമ്പും പിമ്പും അതോടൊന്നിച്ചുമെല്ലാം ആവാം.

## തവാഫുൽ വദാഅ്

പരിശുദ്ധകഅ്ബയോട് വിടവാങ്ങുന്ന തവാഫി ന്നാണ് 'തവാഫുൽവദാഅ്' എന്നു പറയുന്നത്. അത് സുന്നത്താണെന്നാണ് ഒരു പക്ഷം ഉലമാഇന്റെ അഭിപ്രായം. വാജിബാണെന്നും, ഉപേക്ഷിച്ചാൽ പ്രായ ശ്ചിത്തം നല്കണമെന്നും മറുപക്ഷം അഭിപ്രായപ്പെട്ടി രിക്കുന്നു.

عَنْ ابْنِ عَبَّاسٍ رَضِيَ اللهُ عَنْهُ قَالَ كَانَ النَّاسُ يَنْصَرِفُونَ فِي كُلِّ وَجْهٍ فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ لَا يَنْفِرُ أَحَدُكُمْ حَتَّى يَكُونَ آخِرُ عَهْدِهِ بِالْبَيْتِ (مسلم)

(ഇബ്നുഅബ്ബാസ് ഇങ്ങിനെ പറഞ്ഞതായി നിവേ ദനം ചെയ്യപ്പെട്ടിരിക്കുന്നു: ഹജ്ജ് കഴിഞ്ഞ് ജനങ്ങൾ പലവഴിക്കും പിരിഞ്ഞുപോവാറായിരുന്നു പതിവ്. അതിനാൽ നബി(സ) അവരോട് ഇങ്ങിനെ അരുൾ ചെയ്തു: "നിങ്ങളിലാരും തന്റെ അവസാനബന്ധം കഅ്ബയോടായിട്ടല്ലാതെ പിരിഞ്ഞുപോവരുത്.")

ഹജ്ജുമായി ബന്ധപ്പെട്ട എല്ലാ കർമ്മങ്ങളും കഴി ഞ്ഞു മക്കാപട്ടണം വിടാൻ ഉദ്ദേശിക്കുമ്പോഴാണ് തവാ ഫുൽവദാഅ് ചെയ്യേണ്ട സമയം. "തവാഫ് കഴിഞ്ഞു

'മുൽത്തസമി'ൽ നിന്നുകൊണ്ട് സ്ഥലം വിടുകയാണ് എനിക്കിഷ്ടം'' എന്നു ഇമാം ശാഫി (റ) പറഞ്ഞിരിക്കുന്നു.

## ഹജ്ജ്—ചുരുക്കത്തിൽ

ഇഹ്റാമിന്നു നിശ്ചയിക്കപ്പെട്ട സ്ഥലം (മീഖാത്ത്) അടുക്കുമ്പോൾ ശുദ്ധിവരുത്തി സുഗന്ധവസ്തുക്കളുപയോഗിക്കുകയും സാധാരണ വസ്ത്രം മാററി ഇഹ്റാമിൽ ഉടുക്കേണ്ട വസ്ത്രം ധരിക്കുകയും ചെയ്യുക. മീഖാത്തിൽ എത്തിക്കഴിഞ്ഞാൽ ഉംറക്കു മാത്രമോ, ഉംറക്കും ഹജ്ജിനും കൂടിയോ, ഹജ്ജിന്നു മാത്രമോ ഓരോ വ്യക്തിയുടേയും സൗകര്യമനുസരിച്ചു അതതിൻെറ നിയ്യത്തോടെ ഇഹ്റാം ചെയ്യുക. ഇഹ്റാം കൂടാതെ ഹജ്ജും ഉംറയും സാധുവാകുന്നതല്ല അതത്രെ ഒന്നാമത്തെ ഫർസ്. ഇഹ്റാം ചെയ്തതുമുതൽ മേൽവിവരിച്ച വ്യവസ്ഥകൾ പാലിക്കുകയും തൽബിയത്ത് ചൊല്ലുകയും വേണം. മക്കയോടടുക്കുമ്പോൾ കുളിക്കുകയും മക്കയിൽ പ്രവേശിച്ചുകഴിഞ്ഞാൽ ബാബുസ്സലാമിൽ കൂടി കഅ്ബയുടെ നേക്കു് പോവുകയും വേണം. ഈ അവസരത്തിൽ മുമ്പ് പറഞ്ഞ പ്രാർത്ഥന ചെയ്യുകയും, അല്ലാഹുവോടുള്ള ഭയഭക്തിയും ഹൃദയസാന്നിദ്ധ്യവും അധികമധികം ഉണ്ടായിരിക്കുകയും വേണം. അങ്ങിനെ ഹജറുൽഅസ്വദിൻെറ നേരെ ചെന്നു അതു ചുംബിക്കുകയോ, അതിന്നു സാധിക്കാതെ വന്നാൽ കൈ കൊണ്ടോ മററോ തൊട്ട് അത് ചുംബിക്കുകയോ വേണം. പിന്നെ ഹജറുൽഅസ്വദ് ഇടത്തുഭാഗത്താക്കി നേരെ നില്ക്കുകയും മുമ്പ് വിശദീകരിച്ചപോലെ ത്വവാഫ് ചെയ്യുകയും വേണം.

തവാഫ് കഴിഞ്ഞ ഉടനെ 'മഖാമുഇബ്രാഹീം' എന്നേടത്തുവെച്ച് രണ്ടു റകഅത്ത് നിസ്കരിക്കുകയും അതിനുശേഷം സംസം കുടിക്കുകയും പിന്നീട് ഹജറുൽ അസ്‌വദിൻെറയും കഅബയുടെ വാതിലിൻെറയും ഇടയിലുള്ള മുൽതസം എന്ന സ്ഥലത്തുനിന്നു ഇഹപരഗുണത്തിന്നായി പ്രാൎത്ഥിക്കുകയും ചെയ്യണം. രണ്ടാമതും ഹജറുൽ അസ്‌വദ് ചുംബിക്കുകയോ തൊട്ടുകയോ ചെയ്തശേഷം സഫാ ഗൈററിൽകൂടി إن الصفا والمروة من شعائر الله എന്ന ഖുർആൻവാക്യം ഓതിക്കൊണ്ട്, സഫായിലേക്കു പോവുകയും അതിന്മേൽ കയറി കഅബക്കുനേരെ തിരിഞ്ഞുനിന്നു മുമ്പു പറഞ്ഞ പ്രകാരം പ്രാൎത്ഥിക്കുകയും വേണം. തുടൎന്നു സഫാ, മർവായുടെ ഇടയിലുള്ള ഓട്ടം മേൽകാണിച്ച ക്രമത്തിൽ നിൎവ്വഹിക്കുകയും വേണം. ഇതോടുകൂടി ഉംറചെയ്ത ഹലാലാവുന്നവൎക്ക് മുടി വടിക്കുകയോ, വെട്ടുകയോ ചെയ്ത് അതിൽനിന്നു വിരമിക്കാം. ഇനി രണ്ടും ഒന്നായി ചെയ്യുന്നവരോ, ഹജ്ജ് മാത്രം ചെയ്യുന്നവരൊ ആണെങ്കിൽ ഇഹ്റാമിൽത്തന്നെ നില്ക്കേണ്ടതാണ്. ഉംറചെയ്ത ഹലാലായവർ തങ്ങളുടെ താമസസ്ഥലത്തുവെച്ചുതന്നെ ഹജ്ജിനു ഇഹ്റാം കെട്ടിയും, ആദ്യത്തെ ഇഹ്റാമിൽതന്നെ ഉറച്ചുനില്ക്കുന്നവർ അതേ നിലയിലും ദുൽഹജ്ജ് എട്ടാം ദിവസം മിനായിലേക്കു പുറപ്പെടേണ്ടതാണ്. അന്നവിടെ താമസിച്ച ഒമ്പതാം ദിവസം സൂൎയ്യോദയത്തിനുശേഷം അറഫാത്തിലേക്കുള്ള യാത്രയാവണം. യാത്രാസംഘം അറഫാത്തിന്നടുത്തുള്ള നമിറത്തിൽ കേമ്പ് ചെയ്യുകയും ഉച്ചക്കുശേഷം അവിടുന്നു അറഫാത്തിലേക്കു നീങ്ങുകയും വേണം. (മിനാ, അറഫ എന്നീ സ്ഥലങ്ങൾക്കുള്ളിൽവെച്ചുള്ള നമസ്കാരത്തി

ന്റെ വിവരണം മുമ്പ് കൊടുത്തിട്ടുണ്ട്.) അറഫയിൽ രാപ്പകലുകൾ ഒരുമിച്ചുകൂട്ടുകയും, സൂൎയ്യൻ അസ്തമിച്ച ശേഷം മുസ്ദലിഫയിലേക്കു പുറപ്പെടുകയും വേണം. മുസ്ദലിഫയിൽ എത്തിയശേഷം മഗ്‌രിബും ഇശാഉം ഒന്നിച്ചും, ഇശാ രണ്ടു റക്‌അത്തായി ചുരുക്കിയും നമസ്കരിച്ച് അവിടെ വിശ്രമിയ്ക്കണം. പത്താം ദിവസം (പെരുന്നാൾ) പ്രഭാതത്തിൽ സുബ്ഹി നമസ്കരിച്ചഉടനെ മശ്‌അറൽഹറാം എന്ന സ്ഥലത്തുവന്നു നേരം നല്ലവണ്ണം പുലരുവോളം അവിടെ കഴിച്ചുകൂട്ടണം. സൂൎയ്യൻ ഉദിച്ചു അല്പം ഉയൎന്നശേഷം ജംറത്തുൽ അഖബഃയിൽ ഏഴ് കല്ലുകൾ എറിയണം. (ഈ കല്ലുകളും തുടൎന്നുള്ള മൂന്നു ദിവസത്തെ ഏറിനുള്ള കല്ലുകളും മുസ്ദലിഫയിൽ നിന്നാണ് എടുക്കേണ്ടത്.)* ജംറത്തുൽ അഖബായിൽ എറിയുന്നതുവരെ തൽബിയത്തും തക്ബീറും കഴിവതും അധികരിപ്പിക്കുന്നതു സുന്നത്താണ്. ഈ ഏറ് തുടങ്ങുന്നതോടുകൂടി തൽബിയത്ത് നിൎത്തിക്കളയണം. എറിയുമ്പോൾ തക്ബീർ ചൊല്ലുകയാണ് വേണ്ടതു്. ഹദ്‌യ് കൊടുക്കുന്നവൎക്ക് ജംറത്തുൽ അഖബയിൽ എറിഞ്ഞ ശേഷം അതവുത്തു മുടി വടിക്കുകയോ, വെട്ടുകയോ ചെയ്ത് ഹലാലാകാം. ഇതിനുശേഷം പത്താം ദിവസം തന്നെ മക്കയിലേക്കു പോയി തവാഫുൽ ഇഫാസത്തും സഅ്‌യും ചെയ്യണം. (ഖുദൂമിന്റെ തവാഫിനുശേഷം സഅ്‌യ് ചെയ്തു് ഹജ്ജ് മാത്രം ചെയ്യുന്നവൎക്കും ഹജ്ജും, ഉംറയും ഒന്നായി ചെയ്യുന്നവൎക്കും ഈ സഅ്‌യ് നിൎബ്ബന്ധമില്ല.) ഇങ്ങിനെ ചെയ്തശേഷം രാത്രി മിനായിലേക്കുതന്നെ മടങ്ങേണ്ടതാണ്. അപ്രകാരം 12, 13 എന്നീ രാവുകളിലും മിനായിൽ കഴിച്ചുകൂട്ടണം. 11,

*മുസ്ദലിഫയിൽനിന്നു കല്ലുപെറുക്കുവാൻ നബി കല്പിച്ചിട്ടില്ല.

12, 13 എന്നീ ദിവസങ്ങളിൽ മേൽവിവരിച്ചപ്രകാരം യഥാക്രമം ജംറകളിൽ കല്ലെറിയണം. പതിമൂന്നാം ദിവസത്തെ രാത്രി താമസവും കല്ലേറും ഉപേക്ഷിച്ച് സ്ഥലം വിടുവാൻ ആഗ്രഹിക്കുന്നവർക്ക് അതനുവദനീയമാണ്.

പത്താം ദിവസം മക്കയിൽവന്നു മടങ്ങൽ ബുദ്ധിമുട്ടാണെങ്കിൽ തവാഫുൽ ഇഫാസത്ത്, മിനായിലെ താമസവും, കല്ലേറും കഴിഞ്ഞശേഷം ചെയ്താലും മതിയാകുന്നതാണ്. ഏതു പ്രകാരത്തിലായാലും തവാഫുൽ വിദാഅ് (طواف الوداع) ചെയ്തിട്ടായിരിക്കണം മക്ക വിടേണ്ടത്.

## മദീനായാത്ര

ഹജ്ജ് യാത്രക്കാരനു പ്രധാനപ്പെട്ട ഒന്നാണ് മദീനാ സന്ദർശനം. അത് ഹജ്ജിന്റെ മുമ്പോ, പിമ്പോ സൗകര്യമനുസരിച്ചു നിർവ്വഹിക്കാവുന്നതാണ്. നബി (സ)യുടെ പള്ളിയും റൗസയും, അവിടെയാണുള്ളത്. കൂടാതെ ചരിത്രപ്രാധാന്യമുള്ള ബദർ, ഉഹ്ദ് മുതലായ സ്ഥലങ്ങളും ഈ യാത്രയിൽ സന്ദർശിക്കുവാൻ സാധിക്കും. അത്തരം സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ ഇസ്ലാമികപ്രവർത്തകന്മാർ തരണംചെയ്ത ദുർഘടഘട്ടങ്ങളും, അവർ നയിച്ച ത്യാഗസമ്പൂർണ്ണമായ ജീവിതവും അനുസ്മരിച്ചെങ്കിലേ യഥാർത്ഥ ഫലം ലഭിക്കുകയുള്ളൂ. അവരുടെ മാതൃക പിൻതുടർന്നുകൊണ്ട് ജീവിക്കുവാൻ ഈ സന്ദർശനം പ്രചോദനം നൽകുകയും, അല്ലാഹുവിന്റെ ദീനിനുവേണ്ടി പ്രവർത്തിക്കുന്നവർക്കു അവന്റെ പ്രത്യേകസഹായം ലഭിക്കുമെന്ന വിശ്വാസം വർദ്ധിപ്പിക്കുകയും

ചെയ്യുന്നു. ഇങ്ങിനെയുള്ള ഫലങ്ങൾ ലഭിക്കേണമെങ്കിൽ നബി (സ)യുടെയും സഹാബിവര്യന്മാരുടെയും ജീവിത ചരിത്രം ശരിക്കും അറിഞ്ഞിരിക്കേണ്ടതുണ്ട്.

നബിയുടെ പള്ളി സന്ദർശിക്കുന്നതും, അവിടെ വെച്ച് ഇബാദത്ത് ചെയ്യുന്നതും ധാരാളം പ്രതിഫലമുള്ള കർമ്മമാണ്.

عن ابى هريرة عن النبى صلى الله عليه وسلم قال لا تشدوا الرحال الا الى ثلاثة مساجد، مسجد الحرام ومسجدى هذا والمسجد الاقصى (بخارى مسلم)

(പുണ്യം ഉദ്ദേശിച്ച്) മൂന്നു പള്ളിയിലേക്കുമാത്രമേ യാത്ര പാടുള്ളു: (ഒന്നു മക്കയിലെ) മസ്ജിദുൽഹറാം, (രണ്ടു) എന്റെ ഈ പള്ളി (മൂന്നു യറൂശലമിലെ) മസ്ജിദുൽ അഖ്സാ.)

ഈ മൂന്നു പള്ളികളിൽവെച്ചു ചെയ്യുന്ന ഇബാദത്തിന്നു മററു സ്ഥലങ്ങളിൽവെച്ചു ചെയ്യുന്നതിനേക്കാൾ ആയിരം ഇരട്ടി കൂലി ലഭിക്കുമെന്നു ഹദീസുകളിൽ വന്നിട്ടുണ്ട്.

നല്ല വസ്ത്രങ്ങളണിഞ്ഞു ശുദ്ധിയോടും, അച്ചടക്കത്തോടും കൂടിയാണ് നബി (സ)യുടെ പള്ളിയിൽ പ്രവേശിക്കേണ്ടതു്. പ്രവേശിക്കുമ്പോൾ ഇങ്ങിനെ പ്രാർത്ഥിക്കുന്നത് നല്ലതാണ്.

أعوذ بالله العظيم، وبوجهه الكريم، وسلطانه القديم، من
الشيطان الرجيم بسم الله اللهم صل على محمد وآله وسلم،
اللهم اغفر لي ذنوبي وافتح لي أبواب رحمتك (١)

അങ്ങിനെ പ്രവേശിച്ചശേഷം ഖബ്റിന്റെയും, മിമ്പറിന്റെയും ഇടയിലുള്ള റൗസാ ശരീഫിൽനിന്നു രണ്ടു റക്അത്ത് നമസ്കരിക്കണം. നമസ്കാരം കഴിഞ്ഞ ശേഷം നബിയുടെയും, അബൂബക്കർ സിദ്ദീഖ് (റ) ഉമറുൽഫാറൂഖ് (റ) എന്നിവരുടെ ഖബറുകളുടെ അടുത്തു ചെന്നു സലാം ചൊല്ലണം. അബ്ദുല്ലാഹിബ്നു ഉമർ (റ) മുതലായ സഹാബിവര്യന്മാർ ഇങ്ങിനെയായിരുന്നു സലാം ചൊല്ലിയിരുന്നത്.

السلام عليك يا رسول الله السلام عليك يا ابابكر
السلام عليك يا عمر!

ഇത്രയും പറഞ്ഞു പിരിഞ്ഞുപോവുകയാണ് അവരുടെ പതിവ്.

---

(1) അർത്ഥം "മക്കയിൽ പ്രവേശിക്കേണ്ട ക്രമം" എന്നേടത്തു നോക്കുക.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M297 Acc. No. 45719

This book should be returned on or before the date last stamped below.

1 8 NOV 2010

M297 45719

അബ്ദുല്ലാഹ്. വി.
ഹജ്ജ് കാര്യങ്ങൾ

# ഹജ്ജ് കാര്യങ്ങൾ

★

1964

വി. അബ്ദുല്ലാഹ് (ഉമരി)

വില: 65 പൈസ

Indic Digital Archive Foundation
gpura.org